മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 10 THE ONLINE OFFICIAL NEWS BULLETIN 2026 March 05

SEASON OF THE GREAT LENT വലിയ നോമ്പുകാലം ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
8 4 Knaenaito (Canaanite woman) 4th Sunday of Great Lent	9 8 Comme. of the 40 Martyrs of Sebaste. 135th Mem. of Ambattu Geevarghese Mar Coorilose Metropolitan (Angamaly Cheriya Palli)	10 4	11 8 Mid-Lent Feast of Holy Cross Comme. of King Abgar of Edessa	12 4	13 8	14 4



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എറണാകുളം പബ്ലിക് റിലേഷൻസ് സെന്റർ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യു സ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. സൈമൺ ജോസഫ്, ഫാ. തോമസ് വർഗീസ് അമയിൽ, റോണി വർഗീസ് ഏബ്രഹാം, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ജസ്റ്റിസ് ബെഞ്ചമിൻ കോശി എന്നിവർ സമീപം.

എറണാകുളത്ത് പബ്ലിക് റിലേഷൻസ് സെന്റർ ആരംഭിച്ചു

കൊച്ചി: ഓർത്തഡോക്സ് സഭ കൊച്ചി നഗരത്തിൽ മാമംഗലത്ത് കണ്ണാ യത്ത് ലെയ്നിൽ ആരംഭിച്ച പബ്ലിക് റിലേഷൻസ് സെന്ററിന്റെ ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ച കൂദാശയിൽ ഡോ. യാക്കോബ് മാർ ഐറേനിയസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ് എന്നിവർ സഹകാർമികരായി.

ചികിത്സ ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി കൊച്ചി നഗരത്തിലെത്തു ന്നവർക്കു സെന്റർ സഹായകരമാകുമെന്നു പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. ടി. ജെ. വിനോദ് എം.എൽ.എ., ജസ്റ്റിസ് ബെഞ്ചമിൻ കോശി, കൗൺസിലർ സിനി ആനന്ദ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, സെന്റർ ഇൻ ചാർജ് ഫാ. സൈമൺ ജോസഫ് എന്നിവർ പ്രസംഗിച്ചു.

പ്രധാനമന്ത്രിക്ക് കത്തയച്ചു

ദേവലോകം: പശ്ചിമേഷ്യയിലെ യുദ്ധം ലോകത്തിനെയാകെ ദുഖത്തിലാ ഴ്ത്തുകയാണെന്ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി. ഇന്ത്യൻ പൗരരുടെ സുരക്ഷ ഉറപ്പുവരുത്തണ മെന്ന് അഭ്യർത്ഥിച്ചു പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ബാവാ കത്തയച്ചു.

യുദ്ധഭീതിയിൽ അമർന്നിരിക്കുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി പ്രമേയം പാസാക്കി.



മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാ സിയോസിന്റെ 92-ാം ഓർമ്മപെരുന്നാളിൽ പഴയസെമിനാരിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ ശ്ലൈഹിക വാഴ്വ് നൽകുന്നു.



ബിഷപ്പ്സ് ക്വാർട്ടേഴ്സിന് അടിസ്ഥാനശിലയിട്ടു

മലങ്കരസഭാ ആസ്ഥാനത്ത് ബിഷപ്പ്സ് ക്വാർട്ടേഴ്സിന് അടിസ്ഥാനശില യിട്ടു. ദേവലോകത്ത് നിർമ്മിക്കുന്ന ബിഷപ്പ്സ് ക്വാർട്ടേഴ്സിനുള്ള അടി സ്ഥാനശില പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോ ലിക്കാ ബാവാ ആശീർവദിക്കുന്നു. നാലു നിലകളിലായി നിർമ്മിക്കുന്ന ക്വാർട്ടേഴ്സിൽ മെത്രാപ്പോലീത്താമാരുടെ താമസസൗകര്യത്തിന് പുറമേ, കോൺഫറൻസ് ഹാൾ, ലൈബ്രറി, മ്യൂസിയം, വിസിറ്റേഴ്സ് ലോഞ്ച് എന്നി വയുണ്ടാകും. രണ്ടു വർഷം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുകയാണ് ലക്ഷ്യം. ചടങ്ങിൽ സഭയിലെ മെത്രാപ്പോലീത്താമാരും, വൈദികരും സംബ ന്ധിച്ചു.

വിശുദ്ധ മൂറോൻ കൂദാശ മാർച്ച് 27-നു

കോട്ടയം: വലിയ നോമ്പിലെ നാൽപ്പതാം വെള്ളിയാഴ്ച്ച (2026 മാർച്ച് 27) ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ ശുശ്രൂഷകൾക്ക് വേദിയാകും. സഭാ ചരിത്രത്തിലെ 11-ാം മൂറോൻ കൂദാശയ്ക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ മുഖ്യകാർമ്മികത്വം വഹിക്കും.



2026 ഫെബ്രുവരി സുന്നഹദോസ് നിശ്ചയങ്ങൾ

കോട്ടയം: 2026 ഫെബ്രുവരി 23 മുതൽ 27 വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവായുടെ അധ്യക്ഷതയിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു. 2025 ജൂലൈ സുന്നഹദോസിന് ശേഷം കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങൾ സുന്നഹദോസ് അംഗീകരിച്ചു. സഭയുടെ ബി ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും 2026-2027 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

വൈദിക സെമിനാരികൾ, പരുമല സെമിനാരി, പരുമല ആശുപത്രി, എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ ജൂലൈ 2025-നു ശേഷമുള്ള പ്രവർത്തന റിപ്പോർട്ടുകളും 26-27 ലെ ബജറ്റും അംഗീകരിച്ചു.

വിശുദ്ധ കുർബാനയുടെയും മറ്റു കൂദാശകളുടെയും നിർവ്വഹണം സംബന്ധിച്ച മാർഗനിർദേശങ്ങളും വിവിധ സിനഡിക്കൽ കമ്മിഷനുകളുടെ റിപ്പോർട്ടുകളും സുന്നഹദോസിൽ അവതരിപ്പിച്ചു. മാർച്ച് 27-നു നടക്കുന്ന വിശുദ്ധ മൂറോൻ കൂദാശയുടെ ഒരുക്കങ്ങൾ വിലയിരുത്തി.

സഭാ ആസ്ഥാനത്ത് നിർമ്മിക്കുന്ന ബിഷപ്പ്സ് ക്വാർട്ടേഴ്സിന് പരിശുദ്ധ കാതോലിക്കാ ബാവാ അടിസ്ഥാന ശിലയിട്ടു. മെത്രാപ്പോലീത്താമാരും, വൈദികരും സംബന്ധിച്ചു. നാലുനിലകളിലായി നിർമ്മിക്കുന്ന ക്വാർട്ടേഴ്സിൽ മെത്രാപ്പോലീത്താമാരുടെ താമസസൗകര്യത്തിന് പുറമേ, കോൺഫറൻസ് ഹാൾ, ലൈബ്രറി, മ്യൂസിയം, വിസിറ്റേഴ്സ് ലോഞ്ച് എന്നിവയുണ്ടാകും. 2 വർഷം കൊണ്ട് നിർമ്മാണം പൂർത്തകരിക്കുകയാണ് ലക്ഷ്യം.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ സുന്നഹദോസ് റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സഖറിയാ മാർ നിക്കോളവോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മാത്യൂസ് മാർ തേവോദോസിയോസ് എന്നീ മെത്രാപ്പോലീത്താമാർ വിവിധ ദിവസങ്ങളിലായി ധ്യാനം നയിച്ചു. സഭയിലെ മുഴുവൻ മെത്രാപ്പോലിത്താമാരും പരിശുദ്ധ സുന്നഹദോസിൽ സംബന്ധിച്ചു.

മലങ്കരസഭയ്ക്ക് 1125 കോടിയുടെ ബജറ്റ്

യുദ്ധ പശ്ചാത്തലത്തിൽ പ്രധാനമന്ത്രിക്ക് കത്തയച്ച് കാതോലിക്കാ ബാവ

കോട്ടയം: വയോജന - യുവജന ശ്രദ്ധയിലൂന്നി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 2026-27 ലെ ബജറ്റ്. 1125.06 കോടിയുടെ ബജറ്റ് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ചു. കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവ അധ്യക്ഷത വഹിച്ചു.

പശ്ചിമേഷ്യയിലെ യുദ്ധം ലോകത്തെയാകെ ദുഃഖത്തി ലാഴ്ത്തുകയാണെന്ന് കാതോലി ക്കാ ബാവ പറഞ്ഞു. സമാധാനത്തിന്റെ മാർഗം തുറക്കാൻ ഏവരുടെയും പ്രാർഥനയുണ്ടാകണം. ഇന്ത്യൻ പൗരൻമാരുടെ സുരക്ഷ ഉറപ്പുവരുത്തണം. ഇക്കാര്യം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രിക്ക് കത്തയച്ചതായി ബാവ കൂട്ടിച്ചേർത്തു. യുദ്ധ ഭീതിയിലമർന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സഭാ മാനേജിംഗ് കമ്മിറ്റി പ്രമേയം പാസാക്കി.

യുവ സമൂഹത്തെ സഭയോട് ചേർത്ത് നിർത്തുന്നതിനായി ഇൻഫോപാർക്കിന് സമീപം ചാപ്പലും കൗൺസിലിങ് സെന്ററും നിർമ്മിക്കുമെന്ന് മലങ്കര സഭ ബജറ്റിൽ പ്രഖ്യാപിച്ചു.

സഭയുടെ വയോജന ശ്രദ്ധ പദ്ധതിയായ ചാരെ പ്രവർത്തകർക്ക് ശാസ്ത്രീയവും ഏകീകൃതവുമായ പരിശീലനം നൽകാൻ 10 ലക്ഷം രൂപ വകയിരുത്തി. കുണ്ടറ മതിലകത്തെ 13 ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന ക്യാമ്പ് സെന്ററിന് 1.50 കോടിയും കാരാപ്പുഴയിൽ നിർമ്മിക്കുന്ന വെൽനെസ് പാർക്കിന് 50 ലക്ഷവും വകയിരുത്തി. പഴയ സെമിനാരിയിലെ ചരിത്ര പ്രാധാന്യമുള്ള നാലുകെട്ടിന്റെ പുനരുദ്ധാരണത്തിന് 75 ലക്ഷവും സ്വയംഭരണ പദവി സ്വന്തമാക്കിയ ബസേലിയസ് കോളജിന് പ്രത്യേക ഗ്രാന്റായി രണ്ട് കോടിയും വകയിരുത്തി. കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ധ്യാനം നയിച്ചു.




വൈദേശിക ആധിപത്യത്തിനെതിരെ 1653 ജനുവരി 3-ാം തീയതി മട്ടാഞ്ചേരിയുടെ മണ്ണിൽ വെച്ച് നടന്ന മലങ്കരയുടെ സ്വാതന്ത്ര്യസമരമായ 'കൂനൻ കുരിശ് സത്യ'ത്തിന്റെ സ്മരണാ ഫലകം പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദി ദിനത്തോട് അനുബന്ധിച്ചുള്ള ചടങ്ങിൽ പരിശുദ്ധ കാതോലിക്കാ ബാവാ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണന് സമർപ്പിച്ചു. കേന്ദ്രമന്ത്രി സുരേഷ് ഗോപി സമീപം.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1958)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



23-6-58. തിങ്കൾ. രാവിലെ 8 മണിയോടു കൂടി പഴയസെമിനാരി മാനേജരും മറ്റും നമ്മെ കാണുന്നതിനായി പള്ളിക്കര വന്നു. ഉടനെതന്നെ അവർ എറണാകുളത്തേക്കു പോയി. കാപ്പിമേശ കഴിഞ്ഞ് ഒമ്പതര മണിയോടു കൂടി പള്ളിക്കര നിന്നും തിരിച്ച് 12 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നു ചേർന്നു. അബ്രഹാം കത്തനാർ അരമനയിൽ ഉണ്ടായിരുന്നു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

24-6-58. ചൊവ്വാ. വെങ്ങാഴിയിൽ ജോർജ്ജ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞു നാം വിശ്രമിച്ച ശേഷം താഴത്തങ്ങാടി പള്ളി പണി കാണുന്നതിനായി പോയിരുന്നു. കണ്ടതിനുശേഷം തിരിച്ചുവന്ന് വൈദികസെമിനാരിയിൽ കയറുകയും പുതുതായി എടുത്തിട്ടുള്ള വിദ്യാർത്ഥികളെ കാണുകയും ചെയ്തു. അത്താനാസ്യോസ് മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരും ജോർജ്ജ് കത്തനാരും അവിടെ ഉണ്ടായിരുന്നു. 5 1/2 മണിയോടു കൂടി നാം തിരികെ അരമനയിൽ എത്തി. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മെ അനുഗമിച്ചിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

25-6-58. ബുധൻ. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു. ആരോഗ്യനില പൊതുവെ നന്നായിരുന്നു.

26-6-58. വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും, അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു വിശ്രമിച്ചു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു.

27-6-58. വെള്ളി. നാം സുഖമായി താമസിച്ചു. മാവേലിക്കര പറമ്പിലെ സക്കറിയാ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ശമുവേൽ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടെ താമസിച്ചു.

28 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ മൂലവട്ടം പള്ളിയിലേക്കു പോയി. മല്പാൻ യോഹന്നാൻ കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

29-6-58. ഞായർ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിവസമായ ഇന്ന് നാം വി. കുർബാന അർപ്പിച്ചു. ഇന്നേ ദിവസം ശ്ലീഹാനോമ്പു വീടലും ആയിരുന്നു. കാപ്പിമേശ കഴിഞ്ഞ് കുറിച്ചിയിൽ ചന്ദ്രത്തിലെ മാത്തുക്കുട്ടിയുടെ വിവാഹം നടത്തുകയുണ്ടായി. ശമുവേൽ കത്തനാർ നമ്മെ അനുഗമിച്ചിരുന്നു. കല്യാണം കഴിഞ്ഞ് രണ്ടു മണിയോടു കൂടി അരമനയിൽ എത്തി. മല്പാൻ യോഹന്നാൻ കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

30-6-58. തിങ്കളാഴ്ച. പ. ശ്ലീഹന്മാരുടെ ഓർമ്മപ്പെരുനാൾ ആയിരുന്ന ഇന്ന് ശമുവേൽ കത്തനാർ ആദ്യമായി അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും അതിൽ സംബന്ധിച്ചു. നാം ഇവിടെ സുഖമായി താമസിച്ചു. ചുണ്ടമണ്ണിൽ അബ്രഹാം കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് തിയോളജിക്കൽ സെമിനാരിയിലെ ഒന്നാം കൊല്ലക്കാർ, വറുഗീസ് ക്ലേറിയോടു കൂടെ വന്ന് നമ്മെ കണ്ടു. അവരോടു ചർച്ച് വീക്കിലിയിൽ എൻ. എം. ഏബ്രഹാമിന്റെ ദുരുദ്ദേശ്യത്തെപ്പറ്റി ശക്തിയായി എതിർത്തു പറഞ്ഞു മനസ്സിലാക്കി. അവർ ഉടനെതന്നെ പോകയും ചെയ്തു. ചുണ്ടമണ്ണിൽ അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു.

1958 ജൂലൈ

1-7-58. ചൊവ്വാ. ഇന്നു വർക്കിംഗ് കമ്മിറ്റി ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും, തുമ്പമൺ ഭദ്രാസന സെക്രട്ടറി ഗബ്രിയേൽ കത്തനാരും കോട്ടയം ഭദ്രാസന സെക്രട്ടറി കോശി കത്തനാരും വന്നിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു. ആരോഗ്യനില മെച്ചമായിരുന്നു.

2-7-58. ബുധൻ. രാവിലെ നമസ്ക്കാരത്തെ തുടർന്ന് ചാപ്പലിൽ വി. കുർബാന ഉണ്ടായിരുന്നു. ശമുവേൽ കത്തനാർ ചൊല്ലി. നാം അതിൽ സംബന്ധിച്ചില്ല. അബ്രഹാം കത്തനാർ സംബന്ധിച്ചിരുന്നു. ഉച്ചകഴിഞ്ഞ്, ഏനാത്ത് കലയരഴിയത്ത് ഗീവറുഗീസ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

3-7-58. വ്യാഴം. പരിശുദ്ധനായ മാർതോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുനാളായിരുന്നു. ഇന്ന് നാം അരമനചാപ്പലിൽ വി. കുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് നാം വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് ചെങ്ങന്നൂർ മഞ്ഞനാംകുഴിയിലെ അലക്സന്ത്രയോസ് കത്തനാരും ഡൽഹി വികാരി കെ. സി. തോമസ് കത്തനാരും നമ്മെ കാണുവാൻ വന്നിരുന്നു. ഏബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടി താമസിച്ചു. ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

4-7-58. വെള്ളി. രാവിലെ കാപ്പിമേശയ്ക്കുശേഷം പഴയസെമിനാരിയിലേക്കു നാം പോയി. രോഗിയായിരുന്ന മാനേജർ കത്തനാരെ കണ്ടു. ഉച്ചയ്ക്കു മുമ്പു

തിരിച്ച് അരമനയിലെത്തി. ശമുവേൽ കത്തനാരും അബ്രഹാം കത്തനാരും നമ്മെ അനുഗമിച്ചിരുന്നു. ഉച്ചയ്ക്കു മാറനാട്ടു കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് വൈദിക സെമിനാരിയിൽ നിന്നും ജോർജ്ജ് കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരത്തിനുശേഷം നാം വിശ്ര മിച്ചു. ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

5-7-58. ശനി. നാം സുഖമായി താമസിച്ചു. ഉച്ചനമസ്ക്കാരത്തിനു മുമ്പ് ശങ്ക രത്തിൽ മാത്യൂസ് കോർഎപ്പിസ്ക്കോപ്പായും മാങ്കോയിക്കൽ കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉച്ചകഴിഞ്ഞ് നാം വിശ്രമിച്ചു. സന്ധ്യാന മസ്ക്കാരത്തിനു മുമ്പ് മല്പാൻ യോഹന്നാൻ കത്തനാർ വന്നു. യോഹന്നാൻ കത്തനാർ നമ്മോടു കൂടെ പാർത്തു. ആരോഗ്യനില പൊതുവെ തൃപ്തികര മായിരുന്നു.

6-7-58. ഞായർ. രാവിലെ നമസ്ക്കാരം കഴിഞ്ഞു മല്പാൻ യോഹന്നാൻ കത്തനാർ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. ഉച്ചയ്ക്കു ശേഷം നാം വിശ്രമിച്ചു. സന്ധ്യാനമസ്ക്കാരത്തിനുശേഷം നാം സുഖ മായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടെ പാർത്തു.

7-7-58. തിങ്കൾ. രാവിലെ നമസ്ക്കാരം കഴിഞ്ഞപ്പോൾ കാർത്തികപ്പള്ളി യിൽ നിന്നും വികാരി തോമസു കത്തനാർ നമ്മെ കാണുന്നതിനായി വന്നിരു ന്നു. ഉച്ചകഴിഞ്ഞു നാം വിശ്രമിച്ചു. സന്ധ്യാനമസ്ക്കാരത്തിനു ശേഷം എം. വി. ജോർജ്ജ് കത്തനാരും കെ. മത്തായി കത്തനാരും നമ്മെ വന്നു കണ്ടു. എബ്രഹാം കത്തനാരും പഴയസെമിനാരി മാനേജരും നമ്മോടു കൂടെ താമ സിച്ചു. ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു.

8 ചൊവ്വ. രാവിലെ നമസ്ക്കാരം കഴിഞ്ഞു കാപ്പി മേശയ്ക്കു ശേഷം പഴയ സെമിനാരിക്കു പോയി. മാനേജിംഗ് കമ്മിറ്റി ആയിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ നടന്നു. വൈകിട്ടു അഞ്ചു മണിയോടു കൂടെ തിരികെ അരമ നയിലെത്തി. സന്ധ്യാനമസ്ക്കാരത്തിനു ശേഷം നാം വിശ്രമിച്ചു. പാറമേൽ കുറിയാക്കോസു കത്തനാർ[41] നമ്മെ വന്നു കണ്ടു. ആരോഗ്യനില തൃപ്തികര മായിരുന്നു.

9 ബുധൻ. ഉച്ചയോടു കൂടി വകയാറ്റിൽ നിന്നും ജോൺ കത്തനാർ നമ്മെ വന്നു കണ്ടു. നാലു മണി കഴിഞ്ഞു കെ. സി. മാത്യു വക്കീലിന്റെ[118] ശവസം സ്ക്കാരത്തിനുവേണ്ടി ഏലിയാ ചാപ്പലിന്റെ സെമിറ്ററി ദേവാലയത്തിൽ പോയി. നമ്മുടെ കാർമ്മികത്വത്തിൽ ശവസംസ്കാരം നടന്നു. അത്താനാസ്യോസ് മെത്രാച്ചനും തിയോളജിക്കൽ സെമിനാരിയിൽ നിന്നും അച്ചന്മാരും ഉണ്ടായി രുന്നു. 5 1/2 മണിയ്ക്കുശേഷം തിരിച്ചു അരമനയിലെത്തി. സന്ധ്യാനമസ്ക്കാ രത്തിനു ശേഷം നാം വിശ്രമിച്ചു. ആരോഗ്യനില തൃപ്തികരമായിരുന്നു.

10 വ്യാഴം. രാവിലെ നമസ്ക്കാരം കഴിഞ്ഞു. കൗൺസിൽ ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. 5 മണിക്കു അവർ തിരിച്ചുപോയി. കൊല്ലന്റേത്തു ഗീവർഗ്ഗീസ് കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു നാം വിശ്രമിച്ചു. ഏബ്രഹാം കത്ത നാർ നമ്മോടുകൂടെ താമസിച്ചു.

11 വെള്ളി. ആരോഗ്യനില ഇന്ന് പൊതുവെ മെച്ചമായിരുന്നു. ഉച്ചമേശ കഴിഞ്ഞ് നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടെ താമസിച്ചു.

12 ശനി. രാവിലെ 5 മണിയ്ക്ക് എഴുന്നേറ്റു. ഉച്ചനമസ്ക്കാരം കഴിഞ്ഞ് ഉച്ച മേശയ്ക്കുശേഷം അല്പം വിശ്രമിച്ചിട്ട് പഴയസെമിനാരിക്കു പോയി. പുലിക്കോ ട്ടിൽ മെത്രാച്ചന്റെ[123] പെരുന്നാൾ ആയിരുന്നു. അത്താനാസിയോസ് മെത്രാ ച്ചനും തിയോളജിക്കൽ സെമിനാരിയിൽ നിന്നും അച്ചന്മാരും ശെമ്മാശന്മാരും ഗബ്രിയേൽ കത്തനാരും വന്നു സംബന്ധിച്ചിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. രാത്രിയിൽ നാം അവിടെ താമ സിച്ചു. മാനേജർ യാക്കോബ് കത്തനാർ നമ്മോടു കൂടെ താമസിച്ചു.

13 ഞായർ. പെരുന്നാൾ ദിവസമായ ഇന്ന് രാവിലെ 7 മണിക്കു പ്രഭാത നമ സ്ക്കാരം ആരംഭിക്കുകയും അതിനെ തുടർന്ന് നമ്മുടെ പ്രധാന കാർമ്മികത്വ ത്തിൽ അത്താനാസ്യോസ് മെത്രാച്ചന്റെയും മാനേജർ യാക്കോബ് കത്തനാരു ടേയും സഹകരണത്തിൽ വി. മൂന്നിന്മേൽ കുർബാന നാം ചൊല്ലി. കുർബാന കഴിഞ്ഞ് കബറിങ്കൽ ധൂപപ്രാർത്ഥനയും അതിനുശേഷം കൈമുത്തും നട ത്തി. അനന്തരം കാപ്പിമേശ കഴിഞ്ഞു വിശ്രമിച്ചു. ഉച്ചയ്ക്കുശേഷം നാം തിരിച്ചു അരമനയിൽ എത്തി. സുഖമായി താമസിച്ചു. ഇന്ന് ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

14 തിങ്കൾ. രാവിലെ 5 മണിക്കു എഴുന്നേറ്റു. ഉച്ചയ്ക്കുശേഷം വിശ്രമിച്ചു. നാലു മണിക്കുശേഷം പള്ളത്തുകാരൻ തോമ്മാ കത്തനാരും ശമുവേൽ കത്ത നാരും വന്നു. മാറനാട്ടു കത്തനാർ നമ്മെ വന്നു കണ്ടു. അബ്രഹാം കത്ത നാരും ശമുവേൽ കത്തനാരും മാറനാട്ടു കത്തനാരും നമ്മോടുകൂടെ താമസി ച്ചു. ഇന്നുമുതൽ നാം എണ്ണസേവ തുടങ്ങി. ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു.

15 ചൊവ്വാ. മാർ കുറിയാക്കോസ് സഹദായുടെ ഓർമ്മദിവസമായ ഇന്ന് ശമുവേൽ കത്തനാർ വി. കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. അന ന്തരം നാം വിശ്രമിച്ചു. വൈകിട്ടു ബഥനി അരമനയിൽ നിന്നും ഗീവറുഗീസ് കത്തനാർ നമ്മെ വന്നു കണ്ടിട്ടുപോയി. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു.

16 ബുധൻ. രാവിലെ 5 മണിക്കു എഴുന്നേറ്റു. ഇന്നു പൊതുവെ ശരീരത്തിന് ക്ഷീണമുണ്ടായിരുന്നു. കൊടുവത്തെ ജോൺ കത്തനാർ നമ്മെ വന്നു കണ്ടു. ശമുവേൽ കത്തനാരും അബ്രഹാം കത്തനാരും നമ്മോടുകൂടെ താമസിച്ചു.

17 വ്യാഴം. രാവിലെ 5 മണിയ്ക്കു എഴുന്നേറ്റു. 10 മണിയ്ക്കു മാർ ഒസ്താ ത്തിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉച്ചയോടുകൂടി പരുമല മാനേജർ കത്ത നാരും പള്ളിക്കര നിന്നും പീലിപ്പോസ് കത്തനാരും നമ്മെ വന്നു കണ്ടു. ഉച്ചക ഴിഞ്ഞ് മാർ കൂറിലോസ് മെത്രാച്ചൻ നമ്മെ വന്നു കണ്ടിട്ടുപോയി. സന്ധ്യാനമ സ്ക്കാരം കഴിഞ്ഞു നാം വിശ്രമിച്ചു. മാർ ഒസ്താത്തിയോസ് മെത്രാച്ചനും അബ്രഹാം കത്തനാരും പീലിപ്പോസു കത്തനാരും നമ്മോടുകൂടെ താമസി ച്ചു.

18 വെള്ളി. രാവിലെ 5 മണിക്കെഴുന്നേറ്റു. രാവിലെ കാപ്പിമേശയ്ക്കുശേഷം മാർ ഒസ്താത്തിയോസ് മെത്രാച്ചൻ തിരിച്ചുപോയി. പീലിപ്പോസ് കത്തനാരും പോയി. കുന്നൂർ പള്ളി വികാരി സൈമൺ കത്തനാർ നമ്മെ വന്നു കണ്ടു. ഉച്ച കഴിഞ്ഞു പോയി. സന്ധ്യയ്ക്കു മുമ്പു തോട്ടയ്ക്കാട്ടുകാരൻ പീലിപ്പോസ് കത്ത നാർ[124] നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു. അബ്രഹാം കത്തനാർ നമ്മോ ടുകൂടെ താമസിച്ചു.

19 ശനി. രാവിലെ 5 മണിക്കെഴുന്നേറ്റു. ഉച്ചയ്ക്കുശേഷം വിശ്രമിച്ചു. എം. സി. കുറിയാക്കോസു റമ്പാൻ[125] മരിച്ച വിവരം നമ്മെ അറിയിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു. ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു.

20 ഞായർ. രാവിലെ 5 മണിക്കെഴുന്നേറ്റു. ശമുവേൽ കത്തനാർ അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് കുറിയാക്കോസ് റമ്പാച്ചനു വേണ്ടി പ്രത്യേക പ്രാർത്ഥന നാം കഴി ച്ചു. അനന്തരം കാപ്പിമേശ കഴിഞ്ഞു വിശ്രമിച്ചു. റമ്പാച്ചന്റെ ശവസംസ്ക്കാരം ഞായറാഴ്ച 4 മണിയ്ക്കായിരുന്നു. നമുക്ക് അതിൽ സംബന്ധിക്കുവാൻ ഒത്തി ല്ല. ശവസംസ്ക്കാരം കഴിഞ്ഞ് മാർ ഈവാനിയോസ് മെത്രാച്ചനും പുതുപ്പള്ളി യിൽ നിന്നുള്ള രണ്ടച്ചന്മാരും നമ്മെ വന്നു കണ്ടിട്ടുപോയി. ശമുവേൽ കത്ത നാരും പരുമല നിന്നും വന്ന മത്തായി കത്തനാരും വി. ജി. ജോസഫ് കത്ത നാരും നമ്മോടുകൂടെ താമസിച്ചു. ആരോഗ്യസ്ഥിതി തൃപ്തികരമായിരുന്നു.

21 തിങ്കൾ. രാവിലെ 5 മണിയ്ക്കെഴുന്നേറ്റു. ഉച്ചകഴിഞ്ഞു നാം വിശ്രമിച്ചു. ശമുവേൽ കത്തനാർ ഇന്ന് ഇവിടെ നിന്നും പിരിഞ്ഞുപോയി. അയാൾക്കു അനു ഗ്രഹങ്ങൾ കൊടുത്തുവിട്ടു. വി. സി. ശമുവേൽ കത്തനാരുടെ അഹങ്കാരമായി ട്ടുള്ള ഒരു കത്ത് ഇന്നു കിട്ടി. എം.ഡി. സെമ്മിനാരി സ്കൂളിലെ ഹെഡ്മാസ്റ്റർ സി. യു. മാത്യു ഇവിടെ വന്നു നമ്മെ കണ്ട്, അവിടുത്തെ കുട്ടികളിൽ അധികംപേരും പഠിപ്പുമുടക്കിന് പങ്കെടുത്തിട്ടില്ല എന്ന് അറിയിച്ചു. സന്ധ്യാന മസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

22 ചൊവ്വാ. രാവിലെ 5 മണിക്കെഴുന്നേറ്റു. ഉച്ചമേശ കഴിഞ്ഞു നാം വിശ്രമി ച്ചു. ഇന്ന് ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു. എണ്ണ സേവി ക്കുന്നതു കൊണ്ടുള്ള ക്ഷീണം ശരീരത്തിനുണ്ട്. അബ്രഹാം കത്തനാർ നമ്മോടു കൂടെ താമസിച്ചു.

23 ബുധൻ. രാവിലെ 5 മണിക്കെഴുന്നേറ്റു. ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു. ഉച്ചകഴിഞ്ഞ് ജോർജ്ജ് വള്ളക്കാലി[126] നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്കാരത്തിനുശേഷം നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

24 വ്യാഴം. ഇന്നു കൗൺസിൽ ഉണ്ടായിരുന്നു. മാർ ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. 4 മണിയോടു കൂടി കൗൺസിൽ കഴിഞ്ഞ് അവർ തിരിച്ചുപോയി. സന്ധ്യാനമസ്കാരത്തെ തുടർന്ന് നാം വിശ്രമിച്ചു. ആരോഗ്യനില തൃപ്തികരമായിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടെ താമസിച്ചു.

25 വെള്ളി. രാവിലെ 5 മണിയ്ക്കെഴുന്നേറ്റു. ഉച്ചയോടുകൂടി മാനേജർ യാക്കോബ് കത്തനാരും ഗബ്രിയേൽ കത്തനാരും നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്കാരത്തിനു ശേഷം നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടെ താമസിച്ചു. ആരോഗ്യനില തൃപ്തികരമായിരുന്നു. സന്ധ്യാനമസ്കാരത്തിനു മുമ്പ് എം. വി. ജോർജ്ജ് കത്തനാരും അമയന്നൂർക്കാരൻ തോമ്മസു കത്തനാരും[127] നമ്മെ വന്നു കണ്ടു. തോമസു കത്തനാർ ഇന്നു മുതൽ മലബാറിൽ പോയി വി. കുർബാന ചൊല്ലുന്നതിനുള്ള അനുവാദം വാങ്ങിച്ചു കൊണ്ടു പോയി. നാം അനുഗ്രഹം കൊടുത്തുവിട്ടു.[128]

26 ശനി. രാവിലെ 5 മണിയ്ക്കെഴുന്നേറ്റു. ഉച്ചയ്ക്കു ശേഷം നാം വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് മല്പാൻ യോഹന്നാൻ കത്തനാർ വന്നു. അദ്ദേഹം നമ്മോടു കൂടെ ഇന്നു താമസിച്ചു. ഇന്ന് ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു.

27 ഞായർ. രാവിലെ എം. വി. ജോർജ്ജ് കത്തനാർ വന്നിരുന്നു. ജോർജ്ജ് കത്തനാർ അരമന ചാപ്പലിൽ വി. കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഇന്ന് ഇവിടുത്തെ സണ്ടേസ്കൂളിന്റെ വാർഷികമായിരുന്നു. അത്താനാസ്യോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഗബ്രിയേൽ കത്തനാരും നമ്മെ വന്നു കണ്ടു. നാലു മണിക്കുശേഷം അവർ പോയി. സന്ധ്യാനമസ്കാരത്തിനുശേഷം നാം വിശ്രമിച്ചു (ഇന്നു രാവിലെ കൊണ്ട് ക്ഷീരബല എണ്ണ സേവിച്ചു കഴിഞ്ഞു. ഇനിയും അതിന്റെ പത്ഥ്യമാണുള്ളത്). അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

28 തിങ്കൾ. രാവിലെ 5 മണിക്കെഴുന്നേറ്റു. പത്തു മണിയോടുകൂടി ഈവാനിയോസ് മെത്രാച്ചനും കുമരകത്തെ കോശി കത്തനാരും ജോഷ്വാകത്തനാരും നമ്മെ വന്നു കണ്ടു. ഉച്ചയ്ക്കു ശേഷം അവർ പോയി. ഇന്ന് ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു. സന്ധ്യാനമസ്കാരത്തിനുശേഷം നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

29 ചൊവ്വാ. കാലത്തെ പത്തനംതിട്ട നിന്നും ഉമ്മൻ ശെമ്മാശ്ശൻ വന്നിരുന്നു. ഇന്നലെ തുമ്പമൺ ഭദ്രാസന പൊതുയോഗം മാക്കാംകുന്നു പള്ളിയിൽ വച്ച് പീലക്സിനോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. പത്തനംതിട്ട കോളജ് ഗവേണിംഗ് ബോർഡിലേയ്ക്ക് ടി ഭദ്രാസനത്തിൽ നിന്നും തെങ്ങുംതറയിൽ ഗീവറുഗീസ് കോർഎപ്പിസ്ക്കോപ്പാ, എം. കെ. എബ്രഹാം ബി.എ., എൽ.റ്റി. (ചെങ്ങന്നൂർ), കെ. ഒ. കോശി ആറാട്ടുപുഴ, മുത്തൂറ്റ് എം. ജോർജ്ജ്[129] എന്നിവരെ തെരഞ്ഞെടുത്തു എന്നും മറ്റു സ്ഥാനാർത്ഥികളായി നിന്ന കുഴിയിൽ ജോർജ്ജ്, പി. ഇ. ചെറിയാൻ, ഐ. ഐപ്പു മുതലായവർക്കു തെരഞ്ഞെടുപ്പു ലഭിക്കാത്തതിൽ ചിലർ അസംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി എന്നും മറ്റും നമ്മോടു പറഞ്ഞു. 11 മണിയോടു കൂടി ടി പി. ഇ. ചെറിയാൻ വന്ന് ഇന്നലത്തെ തെരഞ്ഞെടുപ്പിനെപ്പറ്റിയും മറ്റും ചില കാര്യങ്ങൾ പറഞ്ഞു. ഉച്ചകഴിഞ്ഞ് കൊപ്പാറ കത്തനാർ, ചാലിൽ കത്തനാർ ഇവർ വന്ന് ഇന്നലെ നടന്ന തെരഞ്ഞെടുപ്പിൽ പരാജിതരായ ചിലർക്ക് തെരഞ്ഞെടുപ്പ് ലഭിക്കാത്തതുമൂലം അസംതൃപ്തിയുണ്ടെന്നും അക്കൂട്ടത്തിൽ ഞങ്ങൾക്കും വിഷമമുണ്ടെന്നും ഈ തെരഞ്ഞെടുപ്പു മൂലം ഇടവകയിലും ചില ഭിന്നതകൾ ഉണ്ടായേക്കാമെന്നും പറഞ്ഞു. നാം പത്ഥ്യം കഴിഞ്ഞ് സൗകര്യംപോലെ പത്തനംതിട്ടയെത്തി വേണ്ട അന്വേഷണങ്ങൾ നടത്തി ആവശ്യമായതു ചെയ്യാമെന്ന് അവരോട് പറഞ്ഞു. കുറ്റിക്കണ്ടത്തിൽ അച്ചനും ഇന്നു വന്ന്, അയിരൂർ കടമാംപതാലിൽ കത്തനാരും താനുമായിട്ടുള്ള അസുഖങ്ങൾ പറഞ്ഞു തീർക്കണമെന്നാവശ്യപ്പെട്ടു. ഇന്നലത്തെ തെരഞ്ഞെടുപ്പിനെപ്പറ്റി പല കാര്യങ്ങളും പറഞ്ഞു. 5 മണിയോടു കൂടി എല്ലാവരും തിരിച്ചുപോയി.

30 ബുധൻ. പീലക്സിനോസ് മെത്രാച്ചന്റെ എഴുത്തു വന്നിരുന്നു. മാനേജിംഗ് കമ്മറ്റി, പത്തനംതിട്ട കോളജ് ഗവേണിംഗ് ബോർഡിലേക്കു തെരഞ്ഞെടുത്ത അംഗങ്ങളെ നാം അംഗീകരിച്ചു. കോളജ് ഘടനപ്രകാരം നാം നോമിനേറ്റു ചെയ്യേണ്ട ആളെ നോമിനേറ്റു ചെയ്തു കല്പന അയയ്ക്കണമെന്നും മെത്രാച്ചൻ എഴുതിയിരുന്നു. അതനുസരിച്ച് അംഗങ്ങളെ അംഗീകരിച്ചും വാഴമുട്ടത്തു പീടികയിൽ ജോഷ്വാ കത്തനാരെ നോമിനേറ്റു ചെയ്തും കല്പന അയച്ചു. ഉച്ചയോടുകൂടി പത്തനംതിട്ട നിന്നും റ്റി. ജി. ഏബ്രഹാം കത്തനാരും വി. ജി. ജോർജ്ജ് മാസ്റ്ററും വടക്കേടത്തു വന്നിരുന്നു. തിങ്കളാഴ്ച നടന്ന തെരഞ്ഞെടുപ്പിൽ മാക്കാംകുന്ന് ഇടവകയിൽ ചിലർക്ക് അസംതൃപ്തിയുണ്ടെന്നും നാം അവിടെ ചെന്ന് അസുഖങ്ങളെല്ലാം മാറ്റിക്കൊടുക്കണമെന്നും മറ്റും പറഞ്ഞു. മെത്രാച്ചനെതിരായി പേരുവയ്ക്കാതെ പ്രസിദ്ധപ്പെടുത്തിയ ലേഖനം നാം അവരെ കാണിച്ചു. അതിൽ പറയുന്ന സംഗതികൾ അവാസ്തവമാണെന്നും അതിന്റെ ഉത്ഭവത്തെക്കുറിച്ചു തങ്ങൾക്കു യാതൊന്നും അറിയുവാൻ പാടില്ലെന്നും അവർ പറയുകയുണ്ടായി.

31 വ്യാഴം. രാവിലെ സുവിശേഷാലയത്തിലെ[130] അംഗമായ ഗീവറുഗീസ് ശെമ്മാശ്ശൻ അമേരിക്കയ്ക്കു പോകുന്ന കാര്യം വന്നു പറഞ്ഞു. 11 മണിയോടു കൂടി അഞ്ചേരിൽ എ. വി. ജോർജ്ജും, സി.എസ്.ഐ. മഹാഇടവകയുടെ നിയുക്ത ബിഷപ്പ് മറ്റീത്തര ജോൺ കത്തനാരും ഇവിടെ വന്നു. ആഗസ്റ്റ് 6-നു നടക്കുന്ന സ്ഥാനാരോഹണത്തെപ്പറ്റി പറയുകയും നാം പുതിയ ബിഷപ്പിന് ദൈവികമായ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നതിനു പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എ. വി. ജോർജ്ജ് പ്രത്യേകമായി നമ്മെ അറിയിച്ചു. ആഗസ്റ്റ് 6-ന് നമ്മുടെ കർത്താവിന്റെ മറുരൂപ പെരുന്നാൾ ആണെന്നും അന്ന് അച്ചനും മറുരൂപപ്പെടുകയാണെന്നും കാലം ചെയ്ത ജോർജ്ജ് ബിഷപ്പ് വളരെ നല്ലവനായിരുന്നെന്നും സഭയ്ക്കും രാജ്യത്തിനും ഇതര സമുദായങ്ങൾക്കും ഉപകാരിയായിരുന്നുവെന്നും അപ്രകാരം പുതിയ ബിഷപ്പും ആയിത്തീരണമെന്നു നാം ആഗ്രഹിക്കുന്നു എന്നും മറ്റും നാം അച്ചനോട് കല്പിക്കുകയുണ്ടായി. അവരുടെ നിർബന്ധപ്രകാരം നാം അച്ചന്റെ തലയിൽ കൈവച്ച് പ്രാർത്ഥിക്കയും ചെയ്തു.

പാമ്പാടിക്കാരൻ വർഗീസ് ശെമ്മാശ്ശനും കുര്യൻ ശെമ്മാശ്ശനും വന്നു നമ്മെ കണ്ടു. പാത്താമുട്ടത്തു നിന്നും കെ. കെ. പുന്നൂസ് കത്തനാർ[131] വന്ന് കുറിയാക്കോസു റമ്പാച്ചന്റെ അന്ത്യരംഗത്തെക്കുറിച്ചും അടക്കത്തെക്കുറിച്ചും 40-ാം ദിവസം അടിയന്തിരം നടത്തേണ്ടതിനെക്കുറിച്ചും മറ്റും പറകയുണ്ടായി.

1958 ഓഗസ്റ്റ്

1 ഓഗസ്റ്റ് 1958 (വെള്ളിയാഴ്ച). ഇന്ന് മൊർത്തശ്മൂനിയുടേയും ഏഴുമക്കളുടേയും മാർ ഏലിയാസോറിന്റേയും ഓർമ്മദിവസമാകയാൽ ഏബ്രഹാം കത്തനാർ വി. കുർബാന അർപ്പിച്ചു. പത്തു മണിയോടുകൂടി പഴയസെമിനാരി മാനേജർ റ്റി. സി. ജേക്കബ് കത്തനാർ വന്ന് സുപ്രീം കോടതിയിൽ സമുദായക്കേസ് ഈ മാസം 19-നു തന്നെ കേൾക്കുമെന്നും ഉടനെ കേസിന്റെ ചെലവിലേക്കു 30000 രൂപയോളം വക്കീൽ ഫീസിനും മറ്റും വേണമെന്നും മറ്റും പറകയുണ്ടായി. പണപ്പിരിവു ഊർജ്ജിതപ്പെടുത്തി പിരിവുതുക എത്രയുംവേഗം തന്റെ പേർക്കു അയച്ചുതരണമെന്നു കാണിച്ച് മദ്രാസ്, ബോംബെ മുതലായ വിദേശ ഇടവകകൾക്കു കല്പന അയച്ചു. ഉച്ചകഴിഞ്ഞ് എം. വി. ജോർജ്ജ് കത്തനാർ വന്നു നമ്മെ കണ്ടു. പാത്താമുട്ടത്തു നിന്നും കെ. കെ. പുന്നൂസു കത്തനാർ വന്ന് റമ്പാച്ചന്റെ അടിയന്തിരത്തെക്കുറിച്ചു പറയുകയും അതിനുവേണ്ട അനന്തരനടപടികളെപ്പറ്റി ചോദിക്കയും ചെയ്തു. നാം അയാളെ അവിടുത്തെ വികാരിയും മാനേജരുമായി നിയമിച്ചുകൊണ്ടു കല്പന കൊടുത്തു. വൈകിട്ട് പയ്യംപള്ളിൽ ദാവീദ് കത്തനാർ വന്നു നമ്മെ കണ്ടു.

2 ശനി. രാവിലെ അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. പയ്യംപള്ളിൽ ദാവീദ് കത്തനാരും പോയി. ഉച്ചയ്ക്കു മുമ്പായി പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരും മണലിൽ യാക്കോബ് കത്തനാരും വന്നു നമ്മെ കണ്ട് സുപ്രീംകോടതിയിലെ കേസിന്റെ കാര്യങ്ങളും പണപ്പിരിവിന്റെ കാര്യങ്ങളും പറഞ്ഞു. ഉച്ചകഴിഞ്ഞ് അവർ പോയി. അഞ്ചു മണിയോടു കൂടി വൈദികസെമിനാരിയിൽ നിന്നും മല്പാൻ യോഹന്നാൻ കത്തനാർ വന്നു.

3 ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ അരമനചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. വി. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. വേറെ വിശേഷമൊന്നുമില്ല.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സത്യവിശ്വാസ സംരക്ഷകനായ പരിശുദ്ധ വട്ടശേരിൽ തിരുമേനി

ഡെറിൻ രാജു

“ഞാൻ എന്റെ വിശ്വാസത്തെ ഒരിക്കലും, മരണക്കിടക്കയിൽ പോലും ഉപേക്ഷിക്കുകയില്ല, അങ്ങനെ ഉപേക്ഷിക്കുന്നതായി ആരെങ്കിലും പറഞ്ഞാൽ അത് തെറ്റാണെന്നതിനു നിങ്ങൾ സാക്ഷികളാകുന്നു... ഒരുത്തൻ തന്റെ വിശ്വാസത്തെ ഉപേക്ഷിക്കുകയോ മന:സാക്ഷിക്കു എതിരായി പ്രവർത്തിക്കുകയോ ചെയ്യാൻ നിവൃത്തിയില്ല. പാത്രിയർക്കീസായാലും മെത്രാപ്പോലീത്തായായാലും ആരാലും അങ്ങനെ ചെയ്യാവുന്നതല്ല.”

(വട്ടശേരിൽ തിരുമേനി 25-4-1924-ൽ കോട്ടയം ഏലിയാ ചാപ്പലിൽ നടത്തിയ പ്രസംഗത്തിൽ നിന്നും)

ആമുഖം

മലങ്കരസഭയുടെ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ എട്ടൊമ്പതു വർഷം കഴിഞ്ഞുള്ള കാൽ നൂറ്റാണ്ട് വട്ടശേരിൽ മാർ ദീവന്നാസിയോസ് എന്ന ഏക വ്യക്തിയിൽ കേന്ദ്രീകരിച്ചായിരുന്നു എന്ന് പറഞ്ഞാൽ അത് അതിശയോക്തി അല്ല. മലങ്കരസഭയുടെ ചരിത്രം പഠിക്കുന്ന ഏതൊരു വ്യക്തിക്കും ബോധ്യപ്പെടുന്നതാണ് ഈ കാര്യം. എങ്കിലും സഭാ തർക്കത്തിന്റെ പശ്ചാത്തലത്തിൽ മാത്രമാണ് ഇന്നയോളം വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങളെയും പോരാട്ടങ്ങളെയും വിലയിരുത്തിയിരുന്നത്. എന്നാൽ മലങ്കരയുടെ സത്യവിശ്വാസസംരക്ഷകരായ പിതാക്കൻമാരുടെ ദീർഘചരിത്രത്തിലെ, ആ ചങ്ങലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കണ്ണിയായിരുന്നു പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി. തന്റെ മുൻഗാമികളായ പുണ്യപിതാക്കന്മാർ എങ്ങനെയാണോ സത്യവിശ്വാസത്തിന്റെ സംരക്ഷകരായി നിലകൊണ്ട് ഈ സഭയെ നയിച്ചു വന്നത് അതിൻപ്രകാരം തന്നെ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയും സഭയെ നയിച്ചു. അത് ബോധ്യപ്പെടുത്തുന്ന നിരവധി ലിഖിത തെളിവുകൾ നമ്മുടെ മുമ്പിൽ നിലനിൽക്കുമ്പോഴും നമ്മുടെ പഠനങ്ങളും രചനകളുമൊക്കെ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയും സഭാതർക്കവും അല്ലെങ്കിൽ സഭാസ്വാതന്ത്ര്യവും മാത്രമായി പരിമിതപ്പെട്ടു പോകുന്നു. അത് അങ്ങേയറ്റം ഏകപക്ഷീയമായി പോവുകയാണ്.

അദ്ദേഹം കാലം ചെയ്തിട്ട് നവതി വർഷങ്ങൾ പിന്നിട്ട് തൊണ്ണൂറ്റിരണ്ട് വർഷങ്ങളാകുന്ന ഈ സമയത്തെങ്കിലും അതിനൊരു വ്യത്യാസം ഉണ്ടാകേണ്ടതാണ്. പരിശുദ്ധ പിതാവിന്റെ സമ്പൂർണചരിത്രം നാല് വാല്യങ്ങളിലായി ക്രോഡീകരിച്ച ഇസ്സഡ് എം. പാറേട്ടും *മലങ്കരസഭാ പിതാക്കൻമാർ* എന്ന മലങ്കരയുടെ പിതാക്കന്മാരുടെ ചരിത്രം ക്രോഡീകരിച്ച ഡോ. സാമുവേൽ ചന്ദനപ്പള്ളിയും ഒക്കെയും സഭാ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ പശ്ചാത്തലത്തിലാണ് പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങളെ അപഗ്രഥിച്ചത്. അത് തീർച്ചയായും ഒരു നന്ദി പറച്ചിൽ തന്നെയാണ്. അന്ത്യോഖ്യൻ സഭയുടെ അധീശത്വ-കോളനിവൽക്കരണശ്രമങ്ങളോട് ഒറ്റയ്ക്ക് പൊരുതിയ, നസ്രാണികളെ വീണ്ടുമൊരിക്കൽ കൂടി പാരതന്ത്ര്യത്തിലേക്ക് പോകാതെ സംരക്ഷിച്ച, നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ പ്രതീകമായ കാതോലിക്കേറ്റിനെ സമ്മാനിച്ച, അതിനെ നിലനിർത്താനുള്ള ബാധ്യത തന്റെ അന്ത്യകൽപനയിലൂടെ നമ്മെ ഏൽപ്പിച്ചിട്ടുപോയ ആ പുണ്യപിതാവിനെ അപ്രകാരം അനുസ്മരിക്കേണ്ടത് നമ്മുടെ കടമ തന്നെയാണ്. എന്നാൽ അപ്രകാരമുള്ള അനുസ്മരണങ്ങളിൽ മുങ്ങിപ്പോകേണ്ട ഒന്നല്ല പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ സത്യവിശ്വാസ സംരക്ഷണപ്രവർത്തനങ്ങൾ. അവയിൽ ചിലതിനെ എങ്കിലും ഒന്ന് ക്രോഡീകരിക്കുവാനുള്ള ശ്രമമാണ് ഈ പഠനം. എന്തുകൊണ്ടാണ് പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങളെ സഭാസ്വാതന്ത്ര്യ



പശ്ചാത്തലത്തിൽ മാത്രം ഇന്നയോളം അപഗ്രഥിക്കപ്പെട്ടിരുന്നു എന്നതിന്റെ കാരണം അക്കാലത്തെ ചരിത്രം തന്നെയാണ്. അതിലൂടെ ഒരോട്ട പ്രദക്ഷിണം നടത്തിയശേഷം നമ്മുടെ വിഷയത്തിലേക്ക് കടക്കാവുന്നതാണ്. കാരണം ഇത്രയേറെ പ്രതിസന്ധിഘട്ടത്തിൽ നിന്നുകൊണ്ടാണ് പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി തന്റെ സത്യവിശ്വാസസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയതെന്ന് നമുക്ക് ബോധ്യപ്പെടുവാൻ അത് അനിവാര്യമാണ്.

പ. വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ കാലം

പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസ് അന്ത്യോഖ്യായിൽ നിന്ന് മേൽപ്പട്ടസ്ഥാനം സ്വീകരിക്കുകയും പിന്നീടുണ്ടായ തിരുവെഴുത്ത് വിളംബരത്തിൽ അത് പരാമർശിക്കുകയും ചെയ്തതോടു കൂടി പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമനും അപ്രകാരം മേൽപ്പട്ടസ്ഥാനം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടായി. തുടർന്ന് പത്രോസ് തൃതിയൻ പാത്രിയർക്കീസ് മലങ്കരയിൽ എത്തിയതോടു കൂടി അന്ത്യോഖ്യൻ അധീശത്വം അതിന്റെ പൂർണനിലയിലായി. 1881-ൽ വട്ടശേരിൽ ഗീവറുഗീസ് മല്പാൻ കോട്ടയം - പരുമല സെമിനാരികളിൽ അദ്ധ്യാപകനായി. 1878-മുതൽ അദ്ദേഹം പരുമല സെമിനാരി മാനേജരായിരുന്നു. 1889-ലെ റോയൽ കോടതി വിധിയോടെ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ കാർമികത്വം മലങ്കരമെത്രാപ്പോലീത്തായുടെ വാഴ്ചയിൽ ആവശ്യവുമായിത്തീർന്നു. വിവിധ കാരണങ്ങളാൽ പ്രക്ഷുബ്ധമായ സഭാനൗകയെ സമർഥനായ കപ്പിത്താനെപോലെ നയിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമൻ 1909 ജൂലൈ 11-നു കാലം ചെയ്തു. അതിനെത്തുടർന്ന് അദ്ദേഹത്തിന്റെ കാലത്തു തന്നെ പിൻഗാമിയായി തിരഞ്ഞെടുത്ത് വാഴിക്കപ്പെട്ടിരുന്ന

വട്ടശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് സ്ഥാനമേറ്റു. അധികം താമസിയാതെ അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതിയൻ പാത്രിയർക്കീസ് മലങ്കര സന്ദർശിച്ചു. ആരംഭം മുതലേ പാത്രിയർക്കീസും മെത്രാപ്പോലീത്തായും തമ്മിൽ സൗഹാർദപരമായ നില ആയിരുന്നില്ല. നേരത്തെ തന്നെ മെത്രാപ്പോലീത്തായുമായി വിവിധ കാരണങ്ങളാൽ തെറ്റി നിന്നിരുന്ന കൂട്ടു ട്രസ്റ്റിമാരിൽ പാത്രിയർക്കീസിനു അനുകൂലമായ നിലയിലേക്കും ആ ചേരിയിലേക്കും സ്വാഭാവികമായി വന്നു ചേർന്നു. പാത്രിയർക്കീസ് മെത്രാപ്പോലീത്തായോട് ലൗകികാധികാരം സംബന്ധിച്ച ഉടമ്പടി നൽകുവാൻ ആവശ്യപ്പെട്ടു. മെത്രാപ്പോലീത്താ അതിനു തയ്യാറായില്ല. 1911 ഇടവം 26-നു മാർ ദീവന്നാസിയോസിനെ അബ്ദുള്ള പാത്രിയർക്കീസ് മുടക്കി. എന്നാൽ മുടക്കിനു ശേഷവും ജനങ്ങളിൽ ഒരു വലിയ പങ്കും മെത്രാപ്പോലീത്തയ്ക്ക് ഒപ്പം ആയിരുന്നു. എന്നാൽ അക്കാലത്ത് നിലനിന്ന സഭാരീതിയിൽ മേൽപ്പട്ടസ്ഥാനം പ്രാപിക്കുക, മൂറോൻ കൂദാശ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ പാത്രിയർക്കീസിന്റെ അനുമതിയോ കാർമികത്വമോ ഇല്ലാതെ സാധ്യമാകുമായിരുന്നില്ല. തുടർന്ന് അബ്ദുള്ളാ പാത്രിയർക്കീസിന്റെ ശ്രമഫലമായി അധികാരപത്രം തുർക്കി രാജാവിനാൽ പിൻവലിക്കപ്പെട്ട് കഴിഞ്ഞിരുന്ന അബ്ദേദ് മശിഹാ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് കൊണ്ടുവരുവാൻ ശ്രമം ആരംഭിച്ചു. അങ്ങനെ അദ്ദേഹം മലങ്കരയിലെത്തുകയും 1912 സെപ്തംബർ 15-നു കണ്ടനാട് ഇടവകയുടെ മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിനെ ബസേലിയോസ് പൗലോസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തുകയും ചെയ്തു.

ഒന്നാം കാതോലിക്കായുടെ നിര്യാണത്തെ തുടർന്ന് ഉടനെ ഒരു കാതോലിക്കായെ സഭ വാഴിച്ചില്ല. സഭയിൽ സമാധാനം ഉണ്ടാകുമെങ്കിൽ അതിനു തടസമുണ്ടാകരുതെന്ന് സഭാനേതൃത്വം ചിന്തിച്ചു. പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി മർദ്ദീൻ വരെ പോയി സമാധാനം അന്വേഷിച്ചു; അത് നടപ്പിലായില്ല. തുടർന്ന് രണ്ടാം കാതോലിക്കായെ വാഴിച്ചു. അധികം താമസിയാതെ വട്ടിപ്പണക്കേസിൽ മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി വിധി വന്നു. ഉടനെ തന്നെ പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയെ സസ്പെൻഡ് ചെയ്തതായി ഒരു രേഖ ഏലിയാസ് മാർ യൂലിയോസ് പുറപ്പെടുവിച്ചു. വീണ്ടും കേസും തർക്കങ്ങളും. ഇതിനിടയിൽ സഭയിൽ ഭരണഘടനാനിർമ്മാണ ശ്രമങ്ങൾ, അതിനിടയിലെ വലിയ പ്രതിസന്ധികൾ വേറൊരു വഴിക്ക്. ചുരുക്കത്തിൽ അകമേയും പുറമേയും പ്രക്ഷുബ്ധമായ സഭാ നൗകയെയാണ് പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി നയിച്ചത്. അതിനിടയിലാണ് സത്യവിശ്വാസസംരക്ഷണമെന്ന ദൗത്യത്തിലേക്കും അദ്ദേഹം കടന്നത്. അതിന്റെ വിവിധ തലങ്ങളിലൂടെ നമുക്ക് കടന്ന് ചെല്ലാം.

സത്യവിശ്വാസസംരക്ഷണം: തന്റെ രചനകളിലൂടെ

പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ ഏറ്റവും പ്രമുഖ വേദശാസ്ത്ര സംഭാവനയായി കണക്കാക്കുന്നത് *മതോപദേശസാരങ്ങൾ* അഥവാ *മതസംഗതി* എന്ന കൃതിയാണ്. അക്കാലത്ത് നിലനിന്നിരുന്ന അന്ത്യോഖ്യൻ സഭാവിജ്ഞാനീയത്തിൽ അധിഷ്ഠിതമായി സഭയുടെ വിശ്വാസവും ആരാധനയുടെ വേദശാസ്ത്രവും അദ്ദേഹം ഈ കൃതിയിലൂടെ പകർന്നു നൽകി. എന്താണ് ഈ കൃതിയുടെ ഉദ്ദേശ്യമെന്ന് പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി 'മതസംഗതി'യുടെ ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ട്. "ഒരു മതത്തിൽ ഉൾപ്പെട്ട ഏവനും ആ മതത്തിലെ വിശ്വാസരീതി മുതലായവ പഠിച്ചിരിക്കേണ്ടത് അത്യാവശ്യമാണല്ലോ. മലയാളത്തുള്ള സത്യവിശ്വാസസഭയിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ വിശ്വാസരീതി മുതലായവ വായിച്ചറിയുന്നതിനു തക്കപുസ്തകങ്ങൾ മലയാളഭാഷയിൽ വളരെ ദുർലഭമാകയാൽ അവർ അന്യമതക്കാരുടെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ വായിച്ചു പഠിക്കുകയും അങ്ങനെ ആദ്യമേ കിട്ടുന്ന അറിവ് സത്യമുള്ളതെന്ന് ഉറച്ചുകൊണ്ട് ഈ വിശുദ്ധ സഭയുടെ വിശ്വാസത്തിനെതിരായി പുറപ്പെടുകയും ചെയ്തു കാണുന്നത് അനുഭവസിദ്ധവും ആണല്ലോ. ഈ കുറവിനെ പൂർണമായി പരിഹരിപ്പാൻ ഈ ചെറിയ പുസ്തകം മതിയാകാത്തതെങ്കിലും വേദസത്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ സഭയുടെ ഉപദേശപ്രകാരമുള്ള വിശ്വാസരീതികളെയും മതാചാരങ്ങളെയും കുറിച്ച് ഏവർക്കും ഒരു അറിവ് കൊടുത്ത് സത്യവിശ്വാസത്തിൽ ഉറപ്പിപ്പാൻ തക്കവണ്ണം ഇത് ഉപകരിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു." ഒരു ഇടയൻ തന്റെ ആടുകളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുവാൻ എന്താണോ ചെയ്യേണ്ടത് അതിനായി തയ്യാറാക്കപ്പെട്ട ഒന്നായിരുന്നു മതോപദേശസാരങ്ങൾ. അതിനു മലയാളത്തിൽ ഒരു മുൻഗാമിയില്ല എന്നതാണ്




അതിന്റെ സവിശേഷതയും. ഓരോ വിശ്വാസത്തിനും പാരമ്പര്യത്തിനുമുള്ള വേദപുസ്തക അടിസ്ഥാനവും അദ്ദേഹം കണ്ടെത്തി അവതരിപ്പിച്ചു. ഈ പുസ്തകത്തിന്റെ ശ്രേഷ്ഠത പണ്ഡിതനായ ഡോ. വി. സി ശാമുവേൽ അച്ചൻ കൃത്യമായി അവതരിപ്പിക്കുന്നുണ്ട്. 'ദൈവത്തിന്റെ ത്രിയേകത്വം, പുത്രനായ യേശുക്രിസ്തുവിൽ മനുഷ്യവത്ക്കരണം പ്രാപിച്ച വസ്തുത, പരിശുദ്ധാത്മ വ്യാപാരം, കൂദാശകൾ, സഭാജീവിതത്തിൽ വൈദികരും വിശ്വാസികളും അറിഞ്ഞിരിക്കേണ്ട വസ്തുതകൾ ഇവയെല്ലാം ലളിതമായ ഭാഷയിൽ, 20-ാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിലെ കേരള സഭയുടെ പശ്ചാത്തലത്തിനു വിധേയമായി, സാധാരണ മാനുഷ്യർക്കുപോലും മനസിലാക്കുവാൻ സാധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ രചിച്ച വിശിഷ്ട കൃതിയാണ് മതസംഗതി. കേവലം ബുദ്ധിപരവും ന്യായോക്തിപരവുമായ അടിസ്ഥാനത്തിലല്ല, വേദപുസ്തകമാധാരമാക്കിയാണ് ആ ഗ്രന്ഥം ചമച്ചിരിക്കുന്നത്. ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ഓരോ ആശയങ്ങൾക്കനുയോജ്യമായി തോന്നാവുന്ന വേദപുസ്തക ഭാഗങ്ങൾ എടുത്തു കാണിച്ചിട്ടുണ്ട്. പഴയനിയമ-പുതിയനിയമമുൾക്കൊള്ളുന്ന വേദപുസ്തകം ഗ്രന്ഥകർത്താവിന് നല്ല നിശ്ചയമുണ്ടായിരുന്നു എന്ന് വ്യക്തമുണ്ട്." ഒരു വിശ്വാസിക്ക് സഭയുടെ അടിസ്ഥാന സത്യങ്ങൾ ഏതെല്ലാമാണെന്ന് ഒരു സംക്ഷിപ്തരൂപം നൽകുക എന്നതായിരുന്നു ഈ രചനയിലൂടെ പരിശുദ്ധ പിതാവ് ലക്ഷ്യമിട്ടത് ഈ ഗ്രന്ഥത്തിന്റെ മേൻമ കണ്ടിട്ടാകണം അദ്ദേഹത്തിനു അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കര മൽപാൻ സ്ഥാനം നൽകിയത്

മതോപദേശസാരങ്ങൾ പോലെ നമുക്ക് പരിഗണിക്കേണ്ട ഒരു കൃതിയാണ് അദ്ദേഹവും കോനാട്ട് മൽപ്പാനും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ ക്യംതാ പ്രാർത്ഥനക്രമം. സുറിയാനിയിൽ മാത്രം ആരാധന നടന്നിരുന്ന ഒരു കാലഘട്ടത്തിലാണ് വിപ്ലവകരമായ ഈ തർജമയിലേക്ക് ഇറങ്ങിയത്. അത് ഒരു വിശ്വാസ സംരക്ഷണ ഉപാധി തന്നെയാണ്. പുസ്തകത്തിന്റെ മുഖവുരയിൽ തിരുമേനി തന്നെ അത് ബോധ്യപ്പെടുത്തുന്നുണ്ട് "... ഇതനുസരിച്ചും പ്രത്യേകം സുറിയാനി ഭാഷ പരിചയമില്ലാത്ത ആളുകളുടെ ആവശ്യത്തെ വിചാരിച്ചും... ക്രമപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു ഈ ചെറിയ പുസ്തകം." അതിനും എത്രയോ കാലശേഷമാണ് മലങ്കരസഭ ആരാധന പൂർണമായി മലയാളത്തിലേക്ക് മാറ്റിയത്. ഇന്നും മലങ്കരയിലെ യാക്കോബായ വിഭാഗം ഉൾപ്പെടെ ഉപയോഗിക്കുന്ന് ഇതേ ക്യംതാ നമസ്കാരക്രമം തന്നെയാണ്. ഇപ്രകാരം തന്റെ രചനകളിലൂടെ സത്യവിശ്വാസത്തെ പകർന്നു നൽകിയ പിതാവായിരുന്നു പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി. ഇന്നും മതസംഗതി ഉൾപ്പെടെയുള്ള രചനകൾ കൃത്യമായി അവലോകനം ചെയ്യപ്പെട്ടിട്ടില്ലായെന്നത് നമ്മുടെ ഒരു പോരായ്മ തന്നെയാണ്.

സത്യവിശ്വാസസംരക്ഷണം: കത്തുകളിലൂടെയും കല്പനകളിലൂടെയും

പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ കത്തുകളും കല്പനകളും ഒരു കാലഘട്ടത്തെ നിർവചിച്ചവയാണ്. തന്റെ ദൗത്യമെന്തെന്ന് ഉത്തമബോദ്ധ്യമുള്ള ഒരു ഇടയനെ നമുക്ക് ആ കത്തുകളിൽ കാണാം. നവീകരണസഭയുമായി നേരിട്ടുള്ള ഏറ്റുമുട്ടലിന്റെ കാലം കഴിഞ്ഞിരുന്നു എങ്കിലും



ചില ആശയസംഘട്ടനങ്ങൾ ഉണ്ടായിരുന്ന ഒരു കാലഘട്ടം കൂടി ആയിരുന്നു അത്. ഇതിന്റെ അനുരണനങ്ങൾ ചില കത്തുകളിൽ കാണുവാൻ സാധിക്കും. വൈദികവിവാഹം പോലുള്ള കാര്യങ്ങളിൽ നവീകരണവിഭാഗം അനുവർത്തിക്കുന്നതുപോലെ പ്രവർത്തിക്കുവാൻ താൻ തയ്യാറല്ലായെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അതു പോലെ ആരാധനാക്രമങ്ങളുടെ ഉപയോഗവും, കൃത്യമായ അനുമതി വാങ്ങാതെ ആരാധനാക്രമങ്ങൾ തർജമ ചെയ്യുകയും പള്ളികളിൽ ഉപയോഗിക്കുകയും ചെയ്യുന്നതിനെ ഡീക്കൻ എം. പി. പത്രോസിനയക്കുന്ന കത്തിലൂടെ അദ്ദേഹം തടയുന്നുണ്ട്. പിന്നീട് പള്ളികൾക്ക് 1920 ചിങ്ങ മാസം 22-നു അയക്കുന്ന കൽപനയിലും ശ്രേഷ്ഠാനുമതിയില്ലാത്ത തക്സ, കൂദാശക്രമങ്ങൾ എന്നിവയുടെ ഉപയോഗവും അദ്ദേഹം നിയന്ത്രിക്കുന്നുണ്ട്. വിരുദ്ധോപദേശങ്ങൾ കടന്നു വരാതിരിക്കാനുള്ള ഒരു ഇടയന്റെ ജാഗരൂകമായ പ്രവൃത്തിയായി ഇതിനെ കാണാവുന്നതാണ്. എന്തുകൊണ്ടാണ് താൻ ഇത്തരം തക്സാകൾ നിരോധിച്ചതെന്ന് എം. പി. വർക്കിക്ക് അയക്കുന്ന സാമാന്യം ദീർഘമായ കത്തിൽ പ്രതിപാദിക്കുന്നുണ്ട്. ജനങ്ങൾക്ക് വി. കുർബാനയെപ്പറ്റിയുള്ള അറിവ് നൽകുന്നതിനായി വ്യാഖ്യാനപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാവുന്നതാണെന്നു ആ കത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. പിന്നീട് വി. കുർബാനയും കൂദാശകളും പൂർണമായും മലയാളത്തിൽ ആയിത്തീർന്നു. എന്നാൽ ഇത്തരം പരിശ്രമങ്ങൾ നേരായ പാതയിൽ ശ്രേഷ്ഠാനുമതിയോടു കൂടി ആയിരിക്കണമെന്ന നിർബന്ധമാണ് ഈ ഭാഗത്തൊക്കെയും നമുക്ക് കാണുവാൻ സാധിക്കുന്നത്. അത് തീർച്ചയായും ഒരു വിശ്വാസസംരക്ഷണം തന്നെയുമാണ്. വിശ്വാസികളുടെ എണ്ണം കൂടുന്നതനുസരിച്ച് വൈദികരെ പരിശുദ്ധ തിരുമേനി പുനഃക്രമീകരിക്കുന്നുണ്ട്. ഓരോ വിശ്വാസിയുടെയും ആത്മീകാവശ്യങ്ങൾ പള്ളിയിലൂടെ നടത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയായിരുന്നു ഇത്തരം പ്രവർത്തനങ്ങളുടെ ലക്ഷ്യം. 1102 ചിങ്ങം 16-നു കനകപ്പലം സെന്റ് ജോർജ് പള്ളിക്കയക്കുന്ന കല്പനയിൽ 'പള്ളി വീഴ്ച കൂടാതെ നടത്തണം' എന്ന നിർദേശം കാണുവാൻ സാധിക്കുന്നുണ്ട്. ഇതൊക്കെയും തന്നെ സത്യവിശ്വാസം നിലനിന്നു പോകണം, അത് കൃത്യമായി പാലിക്കപ്പെടണം എന്ന അദ്ദേഹത്തിന്റെ നിർബന്ധത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. സത്യവിശ്വാസപരിപാലനം എന്നത് തന്റെ പ്രാഥമിക ദൗത്യമായി അദ്ദേഹം കണ്ടിരുന്നു. അതുകൊണ്ടാണ് അന്ത്യോഖ്യൻ സുറിയാനി സഭയുമായി പലവിധത്തിൽ സംഘർഷങ്ങളിൽ ഏർപ്പെട്ടിരുന്ന സമയത്തും വിശ്വാസം കുറ്റം കൂടാതെ പാലിക്കപ്പെടണമെന്ന കാര്യത്തിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നത്. അതിന്റെ തെളിവുകളാണ് ഈ കത്തുകളിലും കല്പനകളിലും നമ്മൾ കണ്ടെത്തുന്നതും.


സത്യവിശ്വാസസംരക്ഷണം: പ്രഭാഷണങ്ങളിലൂടെ

പ്രഭാഷണകലയിൽ അതീവ പ്രതിഭാധനനായിരുന്നു പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയെന്ന് ഡോ. സാമുവേൽ ചന്ദനപ്പള്ളി വിശകലനം ചെയ്യുന്നു. അദ്ദേഹം രേഖപ്പെടുത്തുന്നു, "പ്രഭാഷണം ഒരു കലയാണ്. ആ കലയുടെ മർമ്മവും ധർമ്മവും ഗ്രഹിച്ചിരുന്ന പ്രതിഭാ പ്രഭാവനായിരുന്നു വട്ടശേരിൽ തിരുമേനി. വേദപുസ്തകപ്രമേയമോ, സഭാചരിത്രത്തിലെ ദുർഘട പ്രശ്നമോ എന്തുമാകട്ടെ കുശാഗ്രബുദ്ധി ഉപയോഗിച്ച് അപഗ്രഥിക്കുവാനും വിഷയവിശകലനം നടത്തുവാനും അസാധാരണ വൈഭവമാണ് അദ്ദേഹം പ്രദർശിപ്പിച്ചിരുന്നത്. ചിന്താദാർഢ്യവും ആദ്ധ്യാത്മികാനുഭൂതിയും അവയുടെ അന്തർധാരയായിരുന്നു." ഏതെങ്കിലും ചടങ്ങുകളോ സമ്മേളനങ്ങളുമായോ ബന്ധപ്പെട്ട പ്രസംഗങ്ങളെ ഒഴിവാക്കിയാൽ പരിശുദ്ധ വട്ടശേരിൽ തിരുമേനിയുടെ പ്രസംഗങ്ങളെ രണ്ട് വിഭാഗങ്ങളായി തിരിക്കാം. ഒന്ന് സഭാതർക്കത്തിന്റെ പശ്ചാത്തലത്തിൽ സഭയുടെ ചരിത്രം പ്രതിപാദിക്കുന്ന പ്രസംഗങ്ങൾ. രണ്ടാമത്തേത് വി. കുർബാന മദ്ധ്യേ ചെയ്യുന്ന പ്രസംഗങ്ങൾ. ഈ രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നവയാണ് സത്യവിശ്വാസസംരക്ഷണത്തിന്റെ പരിധിയിൽ ഇവിടെ പരിഗണിക്കുന്നത്. പലപ്പോഴും അദ്ദേഹം പ്രധാന ദിവസങ്ങളെ വർത്തമാന സംഭവങ്ങളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ച് ജനങ്ങൾക്ക് പകർന്നു നൽകുമായിരുന്നു. കോട്ടയം ഏലിയാ ചാപ്പലിൽ സ്ലീബാ പെരുന്നാളിൽ നടത്തിയ പ്രസംഗം അപ്രകാരമൊന്നാണ്. മോശ വടി പിടിച്ച് ജനങ്ങളെ നയിച്ചതുപോലെയാണ് ഇപ്പോഴത്തെ മലങ്കരസഭയുടെ സ്വാതന്ത്ര്യപ്പോരാട്ടമെന്ന് അദ്ദേഹം സൂചിപ്പിച്ചു. ലളിതസുന്ദരമായ ശൈലി ആയിരുന്നു അദ്ദേഹം അവലംബിച്ചത്. സ്വർഗത്തെപ്പറ്റി ഒരു പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "എന്നാൽ സ്വർഗത്തിനു ഉയരം എന്നു പറയുവാൻ പാടില്ല. ദൈവത്തോടുകൂടെ വസിക്കുന്നത് സ്വർഗമാകുന്നു. ഉയരത്തിലല്ലല്ലോ താഴ്വരയിലും ദൈവത്തോടുകൂടെ വസിക്കുന്നത് സ്വർഗമാകുന്നു." താബോർ മലയിൽ വച്ച് ഉണ്ടായ തേജസ്ക്കരണത്തെ അവലംബിച്ചുകൊണ്ടാണ് അദ്ദേഹം ഈ പ്രസംഗം പറഞ്ഞത്. മിക്കവാറും പ്രസംഗങ്ങളിലെല്ലാം പഴയനിയമ സംഭവങ്ങൾ കടന്നു വരുമായിരുന്നു. നാബോത്തിന്റെ മുന്തിരിത്തോട്ടം ഒരു പ്രധാനവിഷയമായി കടന്നുവരികയും ചെയ്യുമായിരുന്നു. വിശ്വാസത്തിൽ നിലനിൽക്കേണ്ടത് അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു. ഒരു ഉയിർപ്പ് ഞായറാഴ്ച ചെയ്ത പ്രസംഗത്തിൽ വിശ്വാസം നിലനിൽക്കേണ്ടതിനായിട്ടാണ് ശിഷ്യന്മാരെ ഒലിവ് മലയിലേക്ക് കർത്താവ് ഉയിർപ്പിനു ശേഷം കൊണ്ടുപോയത് എന്നദ്ദേഹം വ്യക്തമായി ബോധ്യപ്പെടുത്തി. ഒരു വിശ്വാസപഠനപ്രക്രിയ തന്നെയായിരുന്നു തിരുമേനിയുടെ പ്രസംഗങ്ങൾ. അപ്പോസ്തോല പ്രവൃത്തികളിൽ കാണുന്ന സ്തേഫാനോസിന്റെ പ്രസംഗം പോലെയായിരുന്നു ആ വാഗ്വിലാസം. സ്തേഫാനോസിന്റെ പ്രസംഗം കേട്ടിട്ട് ഇതു ഉള്ളതു തന്നെയോ എന്ന് യഹൂദന്മാർ ചോദിക്കാൻ തക്കവിധം ശക്തമായ പ്രസംഗമായിരുന്നു സ്തേഫാനോസിന്റെ പ്രസംഗം. അതുപോലെ ഹൃദയത്തിൽ കുത്തുകൊള്ളുന്ന വിധമുള്ളവയായിരുന്നു പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ പ്രസംഗങ്ങൾ. അത് പലപ്പോഴും വിശ്വാസപരമായ കാര്യങ്ങളെ സംബന്ധിച്ചുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ വിശകലനം ചെയ്തവരൊന്നും ആ ഒരു വീക്ഷണകോണിൽ പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ പ്രവർത്തനങ്ങളെ അപഗ്രഥിച്ചിരുന്നില്ല. സഭാസ്വാതന്ത്ര്യമെന്ന അദ്ദേഹത്തിന്റെ വലിയ പോരാട്ടത്തെയാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ വിശകലനം ചെയ്തവരെല്ലാം വിശകലനം ചെയ്തത്. എന്നാൽ സത്യവിശ്വാസമെന്ന മാണിക്യം തലമുറകൾക്കായി സംരക്ഷിക്കപ്പെടണമെന്ന നിശ്ചയം അദ്ദേഹത്തിന്റെ പല പ്രസംഗങ്ങളിലും നമുക്ക് കണ്ടെത്താൻ സാധിക്കുന്നതാണ്. തന്റെ മുൻഗാമികൾ ഏത് പ്രകാരമാണോ സത്യവിശ്വാസത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുപരിപാലിച്ചത് അപ്രകാരം തന്നെ പരിശുദ്ധ വട്ടശേരിൽ തിരുമേനിയും വിശ്വാസ പരിപാലനത്തിനായി നിലനിന്നു. സത്യവിശ്വാസ പാലകരായിരുന്ന പുണ്യപിതാക്കന്മാരേപ്പോലെ തന്നെ കപടഭക്തി അങ്ങേയറ്റം വെറുത്തിരുന്ന പിതാവായിരുന്നു പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ്. അതും അദ്ദേഹത്തിന്റെ വാക്കുകളിൽ

നമുക്ക് കണ്ടെത്താവുന്നതാണ്. യഹൂദന്മാരുടെ കപടഭക്തി അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ പലപ്പോഴും കടന്നു വന്നിരുന്ന ഒരു വിഷയമായിരുന്നു. അദ്ദേഹം കാലം ചെയ്ത ശേഷം കെ. സി. മാമ്മൻ മാപ്പിള മലയാള മനോരമയിൽ എഴുതിയ മുഖപ്രസംഗത്തിലും ഇത് ആവർത്തിക്കുന്നുണ്ട്. “ഭക്തിവേഷം നടിക്കുകയും, ഈശ്വരഭക്തനാണെന്നു മറ്റുള്ളവരെ കാണിക്കുകയും ചെയ്യുന്നതിനെപ്പോലെ അദ്ദേഹം ഇത്ര കഠിനമായി വെറുത്തിരുന്ന മറ്റൊരു സംഗതിയില്ലായിരുന്നു.... യഹൂദസമുദായനേതാക്കളുടെ കപടഭക്തിയെപ്പറ്റിയും യേശുമശിഹായുടെ ശാസനകളെപ്പറ്റിയും അദ്ദേഹം പള്ളികളിൽ വച്ച് കേട്ടിട്ടുള്ളവർക്കും അദ്ദേഹത്തിന്റെ ജീവിതസമ്പ്രദായം കണ്ട് അറിഞ്ഞിട്ടുള്ളവർക്കും വിശ്വസിക്കാൻ യാതൊരു പ്രയാസവുമുണ്ടാകുന്നതല്ല. ക്രമത്തിലധികം ഭക്തിവേഷം നടിച്ചു വന്ന ഒരു ശെമ്മാശൻ ഒരിക്കൽ അദ്ദേഹത്തെ സന്ദർശിച്ചു. കൈമുത്തിയ ശേഷം ധ്യാനത്തിൽ നിമഗ്നനെന്നുള്ള വിധത്തിൽ ഗൗരവമുഖഭാവത്തോടു കൂടി തലകുനിച്ചുകൊണ്ട് ശെമ്മാശൻ നിലയായി. സ്വല്പനേരം കഴിഞ്ഞപ്പോൾ ‘തന്റെ പ്രാർഥന അവസാനിപ്പിച്ചിട്ടില്ലെങ്കിൽ പള്ളിയിലേക്ക് പോയി അത് പൂർത്തിയാക്കിയശേഷം വരിക’ എന്നു മെത്രാപ്പോലീത്താ ശെമ്മാശനോട് പറഞ്ഞതായി എനിക്ക് സൂക്ഷ്മമായി അറിയാവുന്നതാണ്.” തന്റെ പ്രഭാഷണങ്ങളിലൂടെ, തന്റെ ഇടപെടലുകളിലൂടെ സത്യവിശ്വാസത്തിനെതിരായ എല്ലാ പ്രതികൂലതകളെയും എതിർത്തിരുന്ന ഒരു പിതാവിനെയാണ് നമുക്ക് ഇവിടെ കാണുവാൻ സാധിക്കുന്നത്.

സത്യവിശ്വാസസംരക്ഷണം: തന്റെ ഭരണഘടനയിലൂടെ

1920–കളിലാണ് മലങ്കരസഭയിൽ ഒരു ഭരണഘടനാ നിർമ്മാണത്തിനുള്ള പരിശ്രമങ്ങൾ ആരംഭിക്കുന്നത്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കൃത്യമായ ഒരു ഭരണഘടന ആവശ്യമാണെന്ന് ആദ്യമായി ആവശ്യപ്പെടുന്നത് തിരുവനന്തപുരം സിറ്റി പ്രസിൽ നിന്ന് എൻ. ജെ. ഫെർണാണ്ടസ് പബ്ലീഷറും ജേക്കബ് കുര്യൻ പത്രാധിപരുമായ ‘സുറിയാനി സഭ’ എന്ന മാസികയാണ്. എന്നാൽ മാസികയുടെ ആവശ്യത്തോട് ആദ്യഘട്ടത്തിൽ ഔദ്യോഗിക സഭാനേതൃത്വത്തിനു അത്ര പ്രതിപത്തിയില്ലായിരുന്നു. എന്നാൽ പിന്നീട് നിലപാട് മാറുകയും 1930–ൽ ഭരണഘടന എഴുതാൻ ഒരു കമ്മറ്റിയെ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചുമതലപ്പെടുത്തുകയും ചെയ്തു. പഴയ സുറിയാനി സഭാ മാസികയുടെ പ്രവർത്തകരായിരുന്ന അഞ്ചോളം പേർ ഈ കമ്മറ്റിയിൽ അംഗങ്ങളുമായിരുന്നു. ആദ്യം പറഞ്ഞതുപോലെ മൂന്ന് താൽപര്യക്കാർ കമ്മറ്റിയിലും സഭയിലും ആ സമയത്ത് ഉണ്ടായിരുന്നു. ഒന്ന്, പൂർണ ജനാധിപത്യവാദികൾ (സുറിയാനി സഭാ മാസികയുടെ പ്രവർത്തകർ ഈ വിഭാഗമായിരുന്നു), രണ്ട്, എപ്പിസ്കോപ്പൽ ഭരണത്തിനായി വാദിച്ചവർ (മലങ്കര മെത്രാപ്പോലീത്താ ഉൾപ്പെടെയുള്ളവർ ഈ വിഭാഗമായിരുന്നു), മൂന്നാമത്തെ വിഭാഗം രണ്ടു കൂട്ടരെയും കൂടി സംയോജിപ്പിച്ച് ഒരു അഭിപ്രായ ഐക്യത്തിലെത്തിക്കാൻ ശ്രമിച്ചവർ. തങ്ങളുടെ വാദങ്ങൾ അവതരിപ്പിച്ചുകൊണ്ട് സുറിയാനി സഭാ പ്രവർത്തകരായ അഞ്ചു പേരും ചേർന്ന് ഒരു ഡ്രാഫ്റ്റും വടക്കൻ പറവൂർ സ്വദേശിയായ എ. സി. പോൾ വേറൊരു ഡ്രാഫ്റ്റും അക്കാലത്ത് ശനിയാഴ്ചതോറും പ്രസിദ്ധീകരിച്ചിരുന്ന ‘കേരള കേസരി’ പത്രത്തിൽ പ്രസിദ്ധീകരിച്ചു. അഭിപ്രായഐക്യം ഉണ്ടാകുന്നില്ലായെന്നു കണ്ട വട്ടശേരിൽ മാർ ദീവന്നാസിയോസ് തന്റെ അഭിപ്രായങ്ങൾ അതേ കേരള കേസരി പത്രത്തിൽ 1932 ജൂലൈ 2 മുതൽ സെപ്തംബർ 10 വരെയായി പ്രസിദ്ധീകരിച്ചു. പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ സഭാസ്വാതന്ത്ര്യത്തെപ്പറ്റി, സഭാവിശ്വാസത്തെപ്പറ്റി, സത്യവിശ്വാസസംരക്ഷണത്തെപ്പറ്റിയൊക്കെയുമുള്ള വ്യക്തമായ കാഴ്ചപ്പാടുകളാൽ സമ്പന്നമാണ് ഈ ഭരണഘടനാ ഡ്രാഫ്റ്റ്. അക്കാലത്ത് നിലനിന്നിരുന്ന ഒരു ശക്തമായ വാദമായിരുന്നു മലങ്കരയിലെ കൂദാശകൾക്ക് പാത്രിയർക്കീസിന്റെ സാന്നിധ്യമില്ലെങ്കിൽ സാധുത ഇല്ലായെന്നത്. 1932–ലെ മൂറോൻ കൂദാശയുടെ സമയത്ത് ഈ പ്രചാരണം രൂക്ഷമായിരുന്നു. ഇതിനെതിരെ പഴയ മല്പാന്റെ വീര്യത്തോടെ ഭരണഘടനാ ഡ്രാഫ്റ്റിൽ തിരുമേനി ശബ്ദിക്കുന്നുണ്ട്. “അന്ത്യോഖ്യൻ സിംഹാസനവുമായിട്ടുള്ള സംബന്ധം നിലനിർത്തുന്നത് നമ്മുടെ സ്ഥാനാഭിഷേകം, മൂറോൻ കൂദാശ മുതലായ കൂദാശകൾ പാത്രിയർക്കീസിന്റെ സംബന്ധമോ അനുവാദമോ സഹകരണമോ കൂടാതെ കഴിച്ചുകൂടായെന്ന വിധത്തിലുള്ള യാതൊരു സംബന്ധമോ ആയിരിക്കരുത്. ആ വിധത്തിൽ ആകുന്ന പക്ഷം ശീമക്കാരും അവരുടെ ദുരാഗ്രഹങ്ങൾക്കു സഹായിക്കുന്ന നമ്മുടെ നാട്ടുകാരും ഇക്കാലത്തുപോലും ചെയ്തുവരുന്ന പതിവനുസരിച്ച് അങ്ങനെയുള്ള കൂദാശകൾക്ക് പാത്രിയർക്കീസിന്റെ സംബന്ധം ഇല്ലാതിരുന്നാൽ പൂർണത ഇല്ലെന്നും അതു മൂലം ആത്മവരം മുതലായതു ലഭിക്കുന്നതല്ലായെന്നും മറ്റും



പ്രസ്താവിച്ച് പരമാർഥികളായ ജനങ്ങളിൽ കപടഭക്തി വർദ്ധിപ്പിക്കുകയളം സഭയിൽ ഇടർച്ചകളും കുഴപ്പങ്ങളും ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്നതാണ്.” നമ്മുടെ വിശ്വാസാചാരങ്ങൾ നിലനിർത്തുന്നതിനായി സ്ഥാപിക്കപ്പെട്ട കാതോലിക്കാ സ്ഥാനം സംരക്ഷിക്കേണ്ടതായ ബാധ്യത അഞ്ചാം വകുപ്പിൽ പരിശുദ്ധ തിരുമേനി ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. 29–ാം വകുപ്പിൽ എന്തെല്ലാമാണ് ഒരു സഭാവിശ്വാസി പാലിക്കേണ്ട വിശ്വാസാചാരങ്ങൾ എന്നദ്ദേഹം വ്യക്തമാക്കുന്നു. 42–ാം വകുപ്പിൽ വി. മാമോദീസാ സഭാംഗത്വത്തിന്റെ യോഗ്യതയായി അദ്ദേഹം പിതാക്കൻമാരുടെ കാനോനാകളെയും പഠിപ്പിക്കലുകളെയും അടിസ്ഥാനമാക്കി രേഖപ്പെടുത്തുന്നു. ഇതിലൂടെയെല്ലാം തങ്ങളുടെ ക്രിസ്തീയ–സഭാവിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണമായി വിശ്വാസികൾ ബോദ്ധ്യപ്പെടേണ്ടത് എന്തൊക്കെയാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അത് ഒരു രേഖയുടെ ഭാഗമായി മാറ്റുകയും ചെയ്യുന്നു. പ്രധാന ഇടയൻ എന്ന നിലയിൽ തന്റെ വിശ്വാസസംരക്ഷണ ദൗത്യം അദ്ദേഹം നിർവഹിക്കുകയും ചെയ്യുന്നു.

ഉപസംഹാരം

മലങ്കരസഭയുടെ ചരിത്രത്തിൽ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ സംഭാവനകൾ തീർച്ചയായും അനുസ്മരിക്കപ്പെടുന്നുണ്ട്. എന്നാൽ ഈ പഠനത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ തന്നെ അത് ഏതാണ്ട് മുഴുവനായും അദ്ദേഹത്തിന്റെ സഭാ സ്വാതന്ത്ര്യവും അതിന്റെ പോരാട്ടവുമായി ബന്ധപ്പെട്ടായിരുന്നു. എന്നാൽ നിർമ്മലമായ സത്യവിശ്വാസത്തോട് അങ്ങേയറ്റം പ്രതിബദ്ധത പുലർത്തുകയും ആ വിശ്വാസം നിലനിർത്തുവാൻ അങ്ങേയറ്റം ജാഗ്രതയോടെ പ്രവർത്തിക്കുകയും ചെയ്ത പിതാവായിരുന്നു അദ്ദേഹം. മലവെള്ളപാച്ചിൽ പോലെ വന്ന പ്രതിസന്ധികളെ അക്ഷോഭ്യനായി അദ്ദേഹം നേരിട്ടത് തന്നെ തന്റെ ഭക്തിയും വിശ്വസ്തതയും കൊണ്ടാണ്. അദ്ദേഹത്തെ തന്റെ പിൻഗാമിയായിരുന്ന പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവാ വിശേഷിപ്പിച്ചത് ‘മൗദ്യോനോ’ എന്നാണ്. പരിശുദ്ധ പിതാവിന്റെ ഭൗതികശരീരത്തിന്റെ മുമ്പാകെ നിന്നുകൊണ്ടാണ് പരിശുദ്ധ ബാവാ ഇങ്ങനെ പ്രഖ്യാപിച്ചത്.

നവീകരണവിഭാഗവുമായിട്ടായിരുന്നു ചേപ്പാട് മാർ ദീവന്നാസിയോസ് മുതലുള്ള പിതാക്കന്മാരെങ്കിലും നേരിട്ട് ഏറ്റുമുട്ടിയത്. പരിശുദ്ധ പരുമല തിരുമേനിയും പുലിക്കോട്ടിൽ തിരുമേനിയും വരെയുള്ള പിതാക്കന്മാർ തങ്ങളുടെ കല്പനകളിൽ കൂടിയും പ്രസംഗങ്ങളിൽ കൂടിയും നവീകരണാശയങ്ങളെ എതിർത്ത് സത്യവിശ്വാസം ഉറപ്പിച്ചു. എന്നാൽ അപ്രകാരമുള്ള നടപടികൾ കാര്യമായി പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയിൽ കാണാത്തത് തിരുമേനിയുടെ കാലമായപ്പോൾ അത് ഒരു വലിയ വെല്ലുവിളി അല്ലായിരുന്നു എന്നതുകൊണ്ടാണ്. എന്നാൽ നവീകരണക്കാർ ചെയ്യുന്നു എന്ന വാദത്തോടെ അവതരിപ്പിക്കപ്പെട്ട ആശയങ്ങളെ അദ്ദേഹം ശക്തമായി എതിർത്തിരുന്നു. തീർച്ചയായും പരിശുദ്ധ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി സഭയുടെ സത്യവിശ്വാസസംരക്ഷകനായിരുന്നു. തന്റെ കൃതികളിലൂടെ, തന്റെ എഴുത്തുകളിലൂടെ, തന്റെ പ്രസംഗങ്ങളിലൂടെ, തന്റെ ഭരണഘടനാഡ്രാഫ്റ്റിലൂടെ, തന്റെ ജീവിതത്തിലൂടെ അദ്ദേഹം അത് കാട്ടിത്തന്നു. സത്യവിശ്വാസത്തെ ഭഞ്ജിച്ചുകൊണ്ട് ബഥനിയുടെ മാർ ഈവാനിയോസ് കത്തോലിക്കാ സഭയിലേക്ക് കുടിയേറിപ്പോൾ ഉൾപ്പെടെ തന്റെ ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തിയത് പരിശുദ്ധ തിരുമേനിയുടെ പോരാട്ടമാണ്. ആരും ഭഗ്നാശനാകാമായിരുന്ന സാഹചര്യങ്ങളിൽ പോലും വിശ്വാസം കാത്ത് മുന്നേറിയ പുണ്യപിതാവിനെ സത്യവിശ്വാസസംരക്ഷകനായി കൂടി മനസിലാക്കേണ്ടതും തലമുറകൾക്കു മനസിലാക്കികൊടുക്കേണ്ടതും നമ്മുടെ കടമയാണ്. അതൊരു നന്ദി പ്രകാശനവുമാണ്.

Bibliography

ഡോ. സാമുവേൽ ചന്ദനപ്പള്ളി, *വട്ടശേരിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ* (എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം, 2021) പേജ് നമ്പർ 95–96.

ഡോ. സാമുവേൽ ചന്ദനപ്പള്ളി, *മലങ്കരസഭാ പിതാക്കൻമാർ ഭാഗം 1* (സീഡീസ് പബ്ലിക്കേഷൻസ്, ചന്ദനപ്പള്ളി, രണ്ടാം പതിപ്പ് 2012) പേജ് നമ്പർ 328.

ഇസഡ്. എം. പാറേട്ട്, *വട്ടശേരിൽ മാർ ദീവന്നാസ്യോസ്* (എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം, 2015) പേജ് നമ്പർ 137.

Fr. Dr. V. C. Samuel, *Truth Triumphs* (M.O.C Publications, Kottayam, 1986) Page no: 73.

ഇസഡ്. എം. പാറേട്ട്, *മാർ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ നിത്യാക്ഷരങ്ങൾ വാല്യം 3* (എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം, 2018) പേജ് നമ്പർ 463.

ഫാ. ഡോ. വി. സി. ശാമുവേൽ, *വേദശാസ്ത്രജ്ഞനായ ഗീവറുഗീസ് മാർ ദീവന്നാസിയോസ്,* (വട്ടശേരിൽ മാർ ദീവന്നാസിയോസ് ചരമ കനകജൂബിലി സുവനീർ, മലങ്കരസഭാ മാസിക, 1984).

റീശ് കോർഎപ്പിസ്കോപ്പാ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, *സുറിയാനി കാനോനാകളും മതോപദേശസാരങ്ങളും* (മാർത്തോമൻ പൈതൃക സ്മൃതി. യാക്കോബ് മാർ ഐറേനിയോസ് (ചീഫ് എഡിറ്റർ) എം.ഒ.സി പബ്ലിക്കേഷൻസ്, 2024) പേജ് നമ്പർ 269.

Ibid പേജ് നമ്പർ 266.

Op.cit. ഇസഡ്. എം. പാറേട്ട്, *മാർ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ നിത്യാക്ഷരങ്ങൾ വാല്യം 3* പേജ് നമ്പർ 406.

ജോയ്സ് തോട്ടയ്ക്കാട് (എഡിറ്റർ), *വട്ടശേരിൽ തിരുമേനിയുടെ കത്തുകൾ വാല്യം ഒന്ന്* (സോഫിയാ ബുക്സ്, കോട്ടയം, 2024) പേജ് നമ്പർ 32.

Ibid പേജ് നമ്പർ 52.

Ibid പേജ് നമ്പർ 73.

Ibid പേജ് നമ്പർ 76.

ജോയ്സ് തോട്ടക്കാട് (എഡിറ്റർ) *വട്ടശേരിൽ തിരുമേനിയുടെ കത്തുകൾ വാല്യം മൂന്ന്* (സോഫിയാ ബുക്സ്, കോട്ടയം, 2025) പേജ് നമ്പർ 59.

Op.cit ഡോ. സാമുവേൽ ചന്ദനപ്പള്ളി, മലങ്കരസഭാ പിതാക്കൻമാർ വാല്യം ഒന്ന്, പേജ് നമ്പർ 253.

Ibid പേജ് നമ്പർ 256.

Ibid പേജ് നമ്പർ 276.

Ibid പേജ് നമ്പർ 291.

കെ. സി. മാമ്മൻ മാപ്പിള, *മലങ്കരസഭാകാര്യം* (എം.ഒ.സി പബ്ലിക്കേഷൻസ്, 2022) പേജ് നമ്പർ 116.

ഡെറിൻ രാജു, *മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ* (സോഫിയാ ബുക്സ് കോട്ടയം, 2023) പേജ് നമ്പർ 94.

Ibid പേജ് നമ്പർ 59.

Ibid പേജ് നമ്പർ 63–64.

Ibid പേജ് നമ്പർ 63.

സി. കെ. കൊച്ചുകോശി, *ധീരോദാത്ത വിശുദ്ധൻ* (സെന്റ് ഡയനീഷ്യസ് ഫൗണ്ടേഷൻ, കോട്ടയം), പേജ് 308.

(കോട്ടയം ഓർത്തഡോക്സ് സെമിനാരി നടത്തിയ പ്രബന്ധ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ പ്രബന്ധം)




മദ്രാസ് മെത്രാസന വാർഷിക നോമ്പുകാല വൈദിക ധ്യാനയോഗം 2026 മാർച്ച് നാലാം തീയതി ബുധനാഴ്ച, ചെന്നൈ മേത്താനഗർ അരമനയിൽ നടന്നു. കോട്ടയം വൈദിക സെമിനാരി അധ്യാപകൻ ഫാ. ജോബ് സാം മാത്യു, ധ്യാനത്തിന് നേതൃത്വം നൽകി. തമിഴ്നാട്ടിലുള്ള എല്ലാ വൈദികരും കുടുംബമായി ധ്യാനയോഗത്തിൽ പങ്കെടുത്തു. ആൻഡമാൻ പ്രദേശങ്ങളിലും പുറത്തുമുള്ള ദേവാലയങ്ങളിലെ വൈദികർ സൂം പ്ലാറ്റ്ഫോമിലും പങ്കെടുത്തു. ഗൾഫ് പ്രദേശങ്ങളിൽ ഉണ്ടായിരിക്കുന്ന യുദ്ധസമാനമായ സംഘർഷങ്ങൾ ഇല്ലാതാകുവാൻ പ്രത്യേകം പ്രാർത്ഥന നടത്തി.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ഗോമേർ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)





ഹോശേയ പ്രവാചകന്റെ പുസ്തകത്തിൽ ഗോമേർ എന്ന സ്ത്രീക്ക് വളരെ പ്രത്യേകമായ സ്ഥാനമുണ്ട്. അവൾ ഹോശേയയുടെ ഭാര്യയായിരുന്നുവെങ്കിലും, ഈ വിവാഹം ഒരു സാധാരണ കുടുംബക്കാര്യമായി മാത്രം കാണാൻ കഴിയില്ല. ദൈവം തന്റെ ജനങ്ങളോടുള്ള ബന്ധത്തിന്റെ ആഴവും വേദനയും പ്രകടിപ്പിക്കാൻ, ഗോമേറിനെ വിവാഹം കഴിക്കാൻ ഹോശേയയോട് പ്രത്യേകമായി ആജ്ഞാപിച്ചു. അതുകൊണ്ട് തന്നെ ഈ വിവാഹബന്ധം ദൈവിക ഉദ്ദേശ്യത്തോടെ നടന്ന ഒരു ജീവിതസാക്ഷ്യമായി മാറുന്നു.

ഗോമേർ ഒരു വ്യഭിചാരിണിയായ സ്ത്രീയായി ബൈബിളിൽ അവതരിപ്പിക്കപ്പെടുന്നു. അവൾ തന്റെ ഭർത്താവിനോട് വിശ്വസ്തയായി നിലനിൽക്കാതെ തെറ്റായ വഴികളിലേക്ക് തിരിയുന്ന ഒരാളാണ്. അവളുടെ ഈ പെരുമാറ്റം യിസ്രായേൽ ജനങ്ങൾ ദൈവത്തെ വിട്ട് അന്യദേവന്മാരെ ആരാധിച്ച അവസ്ഥയെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു. ദൈവം സ്നേഹത്തോടെയും ക്ഷമയോടെയും തന്റെ ജനങ്ങളെ സംരക്ഷിച്ചിട്ടും, അവർ ആ സ്നേഹം തിരിച്ചറിയാതെ വിശ്വാസദ്രോഹം ചെയ്തതുപോലെ തന്നെയാണ് ഗോമേറിന്റെ ജീവിതവും.

ഗോമേറിന്റെ ജീവിതം ഒരു വ്യക്തിയുടെ പാപചരിത്രമായി മാത്രം വിലയിരുത്താൻ കഴിയാത്തതിന്റെ കാരണം, അവളുടെ ജീവിതം ദൈവത്തോടുള്ള മനുഷ്യന്റെ ആഴമുള്ള ബന്ധത്തിന്റെ ആത്മീയ അവസ്ഥയെ പ്രതീകാത്മകമായി വെളിപ്പെടുത്തുന്നതാണ്. ഗോമേർ ഹോശേയയോടു കാണിച്ച വിശ്വാസദ്രോഹവും വഴിതെറ്റലും യിസ്രായേൽ ജനങ്ങൾ ദൈവമായ യഹോവയോടു കാണിച്ച അവിശ്വാസത്തിന്റെയും അന്യദൈവാരാധനയുടെയും പ്രതിഫലനമാണ്. ദൈവം സ്നേഹത്തോടെയും കരുണയോടെയും തന്റെ ജനങ്ങളെ നയിച്ചിട്ടും അവർ ആ സ്നേഹം അവഗണിച്ച് ലോകത്തിന്റെ വഴികളിലേക്ക് തിരിഞ്ഞതുപോലെ, ഗോമേറും തന്റെ യഥാർത്ഥ രക്ഷകനായ ഭർത്താവിനെ വിട്ട് തെറ്റായ ബന്ധങ്ങൾ തേടി. ഇതിലൂടെ ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധത്തിൽ ഉണ്ടാകുന്ന അകലം, അവിശ്വാസം, ആത്മീയ വ്യഭിചാരം എന്നിവ എത്രത്തോളം ഗുരുതരമാണെന്ന് വ്യക്തമായി പ്രകടമാകുന്നു. ഗോമേറിന്റെ ജീവിതം യിസ്രായേൽ ജനങ്ങളുടെ യഥാർത്ഥ ആത്മീയ നിലയെ ദൈവം അവർക്കു മുന്നിൽ തുറന്നുകാട്ടുന്ന ഒരു ദൈവിക സന്ദേശമായി മാറുന്നു. അതോടൊപ്പം, ഈ അവസ്ഥ തിരിച്ചറിഞ്ഞ് പശ്ചാത്തപത്തോടെ ദൈവത്തിങ്കലേക്ക് തിരിയണമെന്ന് ദൈവം തന്റെ ജനങ്ങളെ സ്നേഹത്തോടെ പ്രബോധിപ്പിക്കുന്നു. ഇതുകൊണ്ടു തന്നെ, ഹോശേയ പ്രവാചകന്റെ പുസ്തകത്തിൽ ഗോമേർ ഒരു ചരിത്രവ്യക്തിയായി മാത്രം അല്ല, മറിച്ച് ദൈവത്തിന്റെ ക്ഷമയും മനുഷ്യന്റെ വഴിതെറ്റലും ഒരുമിച്ച് വെളിപ്പെടുത്തുന്ന അതീവ പ്രാധാന്യമുള്ള ആത്മീയ പ്രതീകമായി മാറുന്നു.

1. വിശ്വാസദ്രോഹത്തിന്റെ സ്വഭാവം

ഗോമേറിന്റെ ജീവിതത്തിൽ ഏറ്റവും വ്യക്തമായി കാണപ്പെടുന്ന സവിശേഷത അവളുടെ വിശ്വാസദ്രോഹം തന്നെയാണ്. അവൾ തന്റെ ഭർത്താവായ ഹോശേയയോട് വിശ്വസ്തയായി നിലനിൽക്കാൻ തയ്യാറായില്ല. വിവാഹബന്ധത്തിൽ ആവശ്യമായ സ്നേഹവും വിശ്വാസവും അവൾ കാത്തുസൂക്ഷിച്ചില്ല. ഹോശേയ അവളെ സ്നേഹിച്ചും സംരക്ഷിച്ചും കൂടെയുണ്ടായിരുന്നിട്ടും, അവൾ ആ സ്നേഹത്തെ അവഗണിച്ച് തെറ്റായ വഴികൾ തിരഞ്ഞെടുത്തു.

ഈ വിശ്വാസദ്രോഹം വെറും ഒരു കുടുംബബന്ധത്തിലെ തെറ്റായി മാത്രമല്ല, മറിച്ച് യിസ്രായേൽ ജനങ്ങൾ ദൈവമായ യഹോവയോടു കാട്ടിയ അവിശ്വാസത്തിന്റെ പ്രതീകമായാണ് ബൈബിൾ അവതരിപ്പിക്കുന്നത്. ദൈവം അവരെ ഈജിപ്തിൽ നിന്ന് വിടുവിക്കുകയും, അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും ചെയ്തിട്ടും, അവർ യഹോവയെ വിട്ട് അന്യദേവന്മാരെ ആരാധിച്ചു. അതുപോലെ തന്നെയാണ് ഗോമേറും, തന്റെ യഥാർത്ഥ രക്ഷകനായ ഭർത്താവിനെ വിട്ട് അന്യബന്ധങ്ങൾ തേടിയത്.

ദൈവം നൽകിയ സ്നേഹവും കരുണയും സംരക്ഷണവും ഗോമേർ വിലമതിച്ചില്ല. താൽക്കാലിക സന്തോഷങ്ങൾക്കും കപടസ്നേഹങ്ങൾക്കും അവൾ തന്റെ ജീവിതം ഏല്പിച്ചു. സത്യസ്നേഹത്തിന്റെ ആഴവും മൂല്യവും അവൾ തിരിച്ചറിയാതെ പോയത് അവളുടെ ഏറ്റവും വലിയ ദൗർബല്യമായി മാറി. ഇതിലൂടെ, ദൈവത്തെ വിട്ട് മാറുമ്പോൾ മനുഷ്യൻ ആത്മീയമായി എത്രത്തോളം അകന്ന് പോകുന്നു എന്ന സത്യം ഗോമേറിന്റെ ജീവിതം വ്യക്തമാക്കുന്നു.

2. ലോകസുഖങ്ങളിലേക്കുള്ള ആകർഷണം

ഗോമേറിന്റെ ജീവിതത്തിൽ മറ്റൊരു പ്രധാന സവിശേഷത അവളുടെ ലോകസുഖങ്ങളിലേക്കുള്ള ശക്തമായ ആകർഷണം ആണ്. അവൾ തന്റെ ഭർത്താവായ ഹോശേയയോടൊപ്പം വിശ്വസ്തയായി നിലകൊള്ളുന്നതിനേക്കാൾ, ലോകം വാഗ്ദാനം ചെയ്യുന്ന താൽക്കാലിക സന്തോഷങ്ങളും സ്വാർത്ഥലാഭങ്ങളും തേടി പോയി. സ്ഥിരതയും സുരക്ഷയും നൽകുന്ന കുടുംബബന്ധത്തെ അവൾ ചെറുതാക്കി കണ്ടു. പകരം, ഉടനടി സന്തോഷം നൽകുമെന്ന് തോന്നിയ വഴികളെയാണ് അവൾ തിരഞ്ഞെടുത്തത്.

മറ്റുള്ളവരിൽ നിന്ന് ലഭിച്ച കപടസ്നേഹവും താൽക്കാലിക ആനന്ദങ്ങളും ഗോമേർ യഥാർത്ഥ സന്തോഷമാണെന്ന് തെറ്റിദ്ധരിച്ചു. അവൾ അനുഭവിച്ച

സ്നേഹം ദീർഘകാല സുരക്ഷയോ ആത്മതൃപ്തിയോ നൽകുന്നതല്ലായിരുന്നു; മറിച്ച് ഒരു നിമിഷത്തെ വികാരസുഖം മാത്രമായിരുന്നു. അത്തരം സുഖങ്ങൾ അവളുടെ ജീവിതത്തിൽ താൽക്കാലികമായ സന്തോഷത്തിന്റെ തോൽവി സൃഷ്ടിച്ചെങ്കിലും, അവളുടെ ഹൃദയത്തിലെ ആഴമുള്ള ശൂന്യതയും അസംതൃപ്തിയും മായ്ക്കാൻ അവയ്ക്ക് സാധിച്ചില്ല. യഥാർത്ഥ സ്നേഹവും സ്ഥിരതയും നൽകുന്ന ബന്ധം അവൾക്കുണ്ടായിരുന്നിട്ടും, അവൾ അത് വിലമതിക്കാതെ പുറമേ ആകർഷകമായി തോന്നിയ വഴികളിലേക്കാണ് വീണ്ടും വീണ്ടും തിരിഞ്ഞത്. ഈ ശൂന്യതയുടെ കാരണമെന്തെന്ന് തിരിച്ചറിയാതെ, അതേ തെറ്റായ വഴികളിൽ സന്തോഷം തേടാൻ അവൾ ശ്രമിച്ചതാണ് അവളുടെ വലിയ ആത്മീയ ദൗർബല്യമായി മാറിയത്. ഇതിലൂടെ മനുഷ്യൻ യഥാർത്ഥ സ്നേഹത്തെയും ദൈവത്തിൽ നിന്നുള്ള ആന്തരിക സമാധാനത്തെയും ഉപേക്ഷിച്ച് ലോകം നൽകുന്ന താൽക്കാലിക ആനന്ദങ്ങളെ പിന്തുടരുമ്പോൾ, അവൻ ഒരിക്കലും നിറയാത്ത ശൂന്യതയിൽ കുടുങ്ങിപ്പോകുന്നു എന്ന സത്യം ഗോമേറിന്റെ ജീവിതം ശക്തമായി വെളിപ്പെടുത്തുന്നു.

3. അനുസരണക്കേട്

ഗോമേറിന്റെ ജീവിതത്തിൽ അനുസരണക്കേട് വളരെ വ്യക്തമായി കാണപ്പെടുന്നു. അവൾ തന്റെ ഭർത്താവായ ഹോശേയ അവളെ സ്നേഹിച്ചും ക്ഷമിച്ചും വീണ്ടും വീണ്ടും സ്വീകരിച്ചിട്ടും, തന്റെ തെറ്റായ വഴികൾ ഉപേക്ഷിക്കാൻ തയ്യാറായില്ല. ഹോശേയയുടെ സ്നേഹവും സഹനവും അവൾ മാറ്റത്തിനുള്ള അവസരമായി ഉപയോഗിച്ചില്ല. മറിച്ച്, അവൾ വീണ്ടും വീണ്ടും അനുസരണക്കേടിന്റെ വഴിയിലേക്കാണ് തിരിഞ്ഞത്.

ഇത് ദൈവത്തിന്റെ കല്പനകളും മുന്നറിയിപ്പുകളും അവഗണിക്കുന്ന മനുഷ്യരുടെ അവസ്ഥയെ സൂചിപ്പിക്കുന്നു. ദൈവം പ്രവാചകന്മാരിലൂടെ പലതവണ തന്റെ ജനങ്ങളെ തിരുത്താൻ ശ്രമിച്ചിട്ടും, അവർ ആ വചനങ്ങൾ കേൾക്കാതെ സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ച് ജീവിച്ചു. ഗോമേറിന്റെ അനുസരണക്കേട് ദൈവവചനത്തെ ലഘുവായി കാണുന്ന മനോഭാവത്തിന്റെ പ്രതീകമാണ്.

അനുസരണക്കേട് മനുഷ്യനെ ദൈവത്തിൽ നിന്ന് കൂടുതൽ അകറ്റുന്നു. അനുസരണം ഇല്ലാത്തപ്പോൾ സ്നേഹബന്ധങ്ങൾ പോലും തകരാൻ സാധ്യതയുണ്ടെന്ന സത്യം ഗോമേറിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുന്നവൻ അവന്റെ വചനത്തെയും കല്പനകളെയും അനുസരിക്കേണ്ടതിന്റെ ആവശ്യകത ഈ ഭാഗം ശക്തമായി ചൂണ്ടിക്കാട്ടുന്നു.

4. വേദന ഉണ്ടാക്കുന്ന പെരുമാറ്റം

ഗോമേറിന്റെ വ്യഭിചാരജീവിതം അവളുടെ ഭർത്താവായ ഹോശേയയ്ക്ക് ആഴത്തിലുള്ള വേദനയും അപമാനവും ഉണ്ടാക്കി. അവൾ തെറ്റായ വഴികൾ തെരഞ്ഞെടുത്ത ഓരോ ഘട്ടവും ഹോശേയയുടെ ഹൃദയത്തെ മുറിവേൽപ്പിച്ചു. ഭർത്താവെന്ന നിലയിൽ മാത്രമല്ല, ഒരു വിശ്വസ്ത സ്നേഹിതനായി അവൻ അനുഭവിച്ച വേദന വളരെ ഗുരുതരമായിരുന്നു. പൊതുസമൂഹത്തിനുമുന്നിൽ പോലും അവന്റെ ജീവിതം അപമാനത്തിനിടയാക്കി മാറ്റിയ ഗോമേറിന്റെ പെരുമാറ്റം, സ്നേഹബന്ധങ്ങൾ എത്രത്തോളം വേദനിപ്പിക്കാമെന്ന് വ്യക്തമാക്കുന്നു.

എന്നിരുന്നാലും, ഹോശേയ അവളെ ഉപേക്ഷിച്ചില്ല. അവളുടെ തെറ്റുകൾ കണ്ടിട്ടും, അവൻ അവളെ സ്നേഹിക്കുകയും തിരികെ സ്വീകരിക്കുവാൻ തയ്യാറാകുകയും ചെയ്തു. ഈ നിലപാട് ദൈവത്തിന്റെ സ്വഭാവത്തെ വളരെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നു. യിസ്രായേൽ ജനങ്ങൾ വീണ്ടും വീണ്ടും പാപം ചെയ്തിട്ടും, ദൈവം അവരെ പൂർണ്ണമായി ഉപേക്ഷിച്ചില്ല; മറിച്ച് അവരെ തിരികെ വിളിച്ചുകൊണ്ടേയിരുന്നു.

ഗോമേറിന്റെ ജീവിതം മനുഷ്യന്റെ പാപങ്ങൾ ദൈവഹൃദയത്തെ എത്രത്തോളം വേദനിപ്പിക്കുന്നുവെന്ന സത്യം നമ്മെ ബോധ്യപ്പെടുത്തുന്നു. ദൈവം മനുഷ്യനെ ശിക്ഷിക്കുന്നത് പ്രതികാരത്തിനായി അല്ല, മറിച്ച് അവനെ തിരുത്തി രക്ഷിക്കാനാണ് എന്ന സന്ദേശം ഇവിടെ വ്യക്തമാകുന്നു. ഹോശേയയുടെ സഹനവും ക്ഷമയും ദൈവത്തിന്റെ അഗാധമായ സ്നേഹത്തിന്റെ പ്രതീകമായി ഈ ഭാഗത്ത് തെളിഞ്ഞു നിൽക്കുന്നു.

5. പശ്ചാത്താപത്തിന്റെ ആവശ്യം

ഗോമേറിന്റെ ജീവിതം മനുഷ്യന്റെ ജീവിതത്തിൽ പശ്ചാത്തപം എത്രത്തോളം ആവശ്യമാണ് എന്ന സത്യം ശക്തമായി വ്യക്തമാക്കുന്നു. അവൾ തെരഞ്ഞെടുത്ത തെറ്റായ വഴികൾ അവളുടെ ജീവിതത്തിൽ വേദനയും ശൂന്യതയും മാത്രമാണ് ഉണ്ടാക്കിയത്. അതുകൊണ്ട് തന്നെ അവൾക്ക് തന്റെ തെറ്റുകൾ തിരിച്ചറിഞ്ഞ് ആ വഴികളിൽ നിന്ന് തിരിഞ്ഞു വരേണ്ട അവസ്ഥയിലായിരുന്നു. പശ്ചാത്തപം ഇല്ലാതെ യഥാർത്ഥ മാറ്റം സാധ്യമല്ല എന്ന സന്ദേശം ഗോമേറിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ദൈവം മനുഷ്യനെ ശിക്ഷിക്കുന്നത് അവനെ നശിപ്പിക്കാനല്ല, മറിച്ച് അവനെ തിരുത്തി തന്റെ അടുക്കലേക്ക് തിരികെ കൊണ്ടുവരാനാണ്. ഹോശേയയുടെ ജീവിതത്തിലൂടെ ദൈവം ഈ സത്യം വ്യക്തമായി കാണിക്കുന്നു. ഗോമേർ തെറ്റായ വഴികളിൽ പോയപ്പോൾ അവൾക്ക് ശിക്ഷ അനുഭവിക്കേണ്ടി വന്നുവെന്ന് പറയുന്നത് പ്രതികാരപരമായ ഒരു ദണ്ഡനത്തെ സൂചിപ്പിക്കുന്നതല്ല, മറിച്ച് അവളുടെ തെറ്റുകളുടെ സ്വാഭാവിക ഫലങ്ങളെ അനുഭവിക്കേണ്ടി വന്ന അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഹോശേയയോടുള്ള വിശ്വാസദ്രോഹത്തിന്റെ ഫലമായി അവൾ സുരക്ഷയും മാന്യസ്ഥാനവും നഷ്ടപ്പെടുത്തി, അപമാനവും വേദനയും നിറഞ്ഞ അവസ്ഥയിലേക്ക് വീണു. അവൾ തേടിയ ലോകസുഖങ്ങൾ അവൾക്ക് സ്ഥിരതയോ യഥാർത്ഥ സന്തോഷമോ നൽകിയില്ല; മറിച്ച് അവളുടെ ജീവിതത്തിൽ ശൂന്യതയും തകർച്ചയും സൃഷ്ടിച്ചു. ഈ അനുഭവങ്ങൾ അവളെ തന്റെ തെറ്റുകൾ തിരിച്ചറിയേണ്ട അവസ്ഥയിലേക്ക് നയിച്ചു. അതിനാൽ ഇവിടെ പറയുന്ന ശിക്ഷയുടെ ലക്ഷ്യം അവളെ നശിപ്പിക്കുക അല്ല, മറിച്ച് അവളെ തെറ്റ് ബോധ്യപ്പെടുത്തുകയും മാറ്റത്തിലേക്ക് നയിക്കുകയും ചെയ്യുന്നതായിരുന്നു. പിന്നീട് ഹോശേയ അവളെ തിരികെ സ്വീകരിക്കുന്നത് ശിക്ഷയുടെ അന്തിമലക്ഷ്യം പുനഃസ്ഥാപനമാണെന്ന സത്യത്തെ വ്യക്തമാക്കുന്നു. ഇങ്ങനെ ഗോമേറിന്റെ അനുഭവം ദൈവം പാപത്തെ ഗൗരവത്തോടെ കാണുന്നുവെങ്കിലും പാപിയെ ഉപേക്ഷിക്കുന്നില്ലെന്ന ആത്മീയ സത്യത്തെ വെളിപ്പെടുത്തുന്നു; ശിക്ഷയുടെ പിന്നിൽ കരുണയും വീണ്ടെടുപ്പും അടങ്ങിയിരിക്കുന്നു.

പശ്ചാത്താപം ദൈവസ്നേഹത്തിന്റെ വാതിൽ തുറക്കുന്ന പ്രധാന താക്കോലാണെന്ന് ഗോമേറിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യൻ തന്റെ പാപങ്ങൾ തിരിച്ചറിഞ്ഞ് വിനയത്തോടെ ദൈവത്തിലേക്ക് തിരിയുമ്പോൾ, ദൈവം ക്ഷമയോടെയും കരുണയോടെയും അവനെ സ്വീകരിക്കുന്നു. അതുകൊണ്ട് തന്നെ, ഗോമേറിന്റെ ജീവിതം നമ്മെ ആത്മപരിശോധനയ്ക്ക് പ്രചോദിപ്പിക്കുകയും, ദൈവത്തിലേക്കുള്ള തിരിച്ചുവരവിന്റെ ആവശ്യകത ശക്തമായി മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു.

ഗോമേർ എന്ന സ്ത്രീയുടെ ജീവിതം വിശ്വാസദ്രോഹത്തിന്റെയും പാപത്തിന്റെയും ഒരു ദുഃഖകരമായ ചിത്രം തന്നെയാണ്. അവളുടെ തീരുമാനങ്ങളും പെരുമാറ്റങ്ങളും അവളെ മാത്രമല്ല, അവളോട് സ്നേഹത്തോടെ ചേർന്നിരുന്ന ഹോശേയയ്ക്കും ആഴത്തിലുള്ള വേദന നൽകി. എന്നിരുന്നാലും, ഈ ഭാഗം പാപത്തിന്റെ ഭീകരത മാത്രം പറഞ്ഞുതീരുന്നില്ല. അതിനേക്കാൾ ശക്തമായി, ദൈവത്തിന്റെ അതിരില്ലാത്ത ക്ഷമയും അഗാധമായ സ്നേഹവും ഇതിലൂടെ വെളിപ്പെടുന്നു.

വ്യഭിചാരിണിയായ ഗോമേറിലൂടെ ദൈവം യിസ്രായേൽ ജനങ്ങളെ തന്റെ അടുക്കലേക്ക് തിരികെ വിളിക്കുന്നു. അവർ ദൈവത്തെ വിട്ട് അന്യവഴികളിലേക്ക് പോയിട്ടും, ദൈവം അവരെ പൂർണ്ണമായി ഉപേക്ഷിച്ചില്ല. ഹോശേയ ഗോമേറിനെ വീണ്ടും സ്വീകരിച്ചതുപോലെ, ദൈവവും പശ്ചാത്തപിക്കുന്ന തന്റെ ജനങ്ങളെ സ്വീകരിക്കാൻ സന്നദ്ധനാണ് എന്ന സന്ദേശമാണ് ഈ ഭാഗം നൽകുന്നത്.

ഇന്നത്തെ ജീവിതത്തിലും ഈ സംഭവത്തിന് വലിയ പ്രസക്തിയുണ്ട്. മനുഷ്യൻ ലോകസുഖങ്ങളാലും സ്വാർത്ഥലാഭങ്ങളാലും ദൈവത്തിൽ നിന്ന് അകന്ന് പോകുന്ന സാഹചര്യങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. അത്തരത്തിലുള്ളവർക്കുള്ള ഒരു മുന്നറിയിപ്പും ഒരേസമയം വലിയ പ്രത്യാശയും ഗോമേറിന്റെ ജീവിതം നൽകുന്നു. പാപം മനുഷ്യനെ തകർക്കുമ്പോഴും, ദൈവസ്നേഹം അവനെ ഉയർത്തിപ്പിടിക്കാൻ ശക്തിയുള്ളതാണെന്ന് ഗോമേറിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

അതുകൊണ്ട് തന്നെ, ദൈവസ്നേഹത്തെ ഒരിക്കലും അവഗണിക്കരുത് എന്നതാണ് ഗോമേറിന്റെ ജീവിതത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന പ്രധാന പാഠം. വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും, വഴിതെറ്റുമ്പോൾ പശ്ചാത്താപത്തോടെ ദൈവത്തിങ്കലേക്ക് തിരികെ വരികയും ചെയ്യുന്നതിലാണ് യഥാർത്ഥ ജീവിതവിജയം അടങ്ങിയിരിക്കുന്നത്. ഗോമേറിന്റെ ജീവിതം ഓരോ വിശ്വാസിയെയും ആത്മപരിശോധനയ്ക്കും ദൈവത്തോടുള്ള പുതുക്കിയ ബന്ധത്തിനും ക്ഷണിക്കുന്നു. ❑

വചനതീർത്ഥം



വലിയ നോമ്പിലെ നാലാം ഞായറാഴ്ച

(വി. മത്തായി 15:21–31)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

വലിയ നോമ്പിലെ നാലാമത്തെ ഞായറാഴ്ചത്തെ ചിന്താവിഷയം കനാന്യ സ്ത്രീയുടെ മകളുടെ സൗഖ്യമാണ്. നാല് പേരുടെ കൂട്ടായ പ്രവർത്തനം തളർവാത രോഗിയുടെ സൗഖ്യത്തിന് കാരണമായെങ്കിൽ ഒരു അമ്മ തന്റെ മകളുടെ സൗഖ്യത്തിന് മുഖാന്തരം ആകുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. "ബലഹീന" എന്ന പൊതു നാമത്തിൽ യഹൂദൻ മനസ്സിലാക്കിയിരുന്ന ഒരു സ്ത്രീ അവളുടെ ബലമേറിയ മധ്യസ്ഥതയിലൂടെ തന്റെ മകളെ ക്രിസ്തു മൂലം ഭൂതോപദ്രവത്തിൽ നിന്നും രക്ഷിക്കുന്നതാണ് ഈ പ്രതിപാദ്യത്തിന്റെ കാതൽ.

വിശ്വാസത്താലുള്ള വീണ്ടെടുപ്പിന്റെ വാഗ്ദാനം

വീണ്ടെടുപ്പിനുള്ള അവാച്യമായ ആഗ്രഹത്തോടെ കടന്നുവരുന്ന ഏതൊരുവനും ലഭിക്കുന്ന ദൈവസ്നേഹമാണ് ഈ വരികളിൽ നാം കാണുക. കർത്താവിന്റെ മനുഷ്യാവതാര കാലത്ത് നടക്കുന്ന പ്രധാന സംഭവങ്ങളിൽ ഒന്നാണ് ഇന്നത്തെ പ്രതിപാദ്യം. യേശുക്രിസ്തുവിനെ പ്രവർത്തനം ഇതുവരെയും പാലസ്തീനിന്റെ പരിധിക്കുള്ളിൽ ഒതുങ്ങി നിന്നിരുന്നു. തന്റെ വരവിന്റെ പ്രധാന ഉദ്ദേശം ഇസ്രായേലിലെ കാണാതെ പോയ ആളുകളെ കണ്ടെത്തുക എന്നതാണെന്ന് കർത്താവ് അടിവരയിടുന്നുമുണ്ട്. എന്നാൽ ദൈവജനം എന്ന് സ്വയം അഭിമാനിച്ചിരുന്ന ഇസ്രായേലിന്റെ വേലിക്കെട്ടുകൾക്കു പുറത്തുള്ള കനാന്യ സ്ത്രീയുടെ മകൾക്കാണ് സൌഖ്യം ലഭിക്കുന്നത്. രക്ഷ യഹൂദന് മാത്രമോ എന്ന ചോദ്യത്തിനുള്ള കൃത്യമായ ഉത്തരമാണ് ഈ വേദഭാഗം. വിശുദ്ധ മത്തായി യഹൂദ ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്തുകൊണ്ട് എഴുതുന്ന സുവിശേഷമാണെങ്കിലും വിജാതീയർ എന്ന് ആ കാലഘട്ടം വിളിച്ചവരും ദൈവ സ്നേഹത്തിൻറെ വേലിക്ക് അകത്താണെന്ന് ഈ വേദഭാഗം ഓർമിപ്പിക്കുന്നു.

ഒരുവന്റെ വംശമോ ജനനമോ അല്ല അവൻറെ വീണ്ടെടുപ്പിന് ആധാരമെന്ന അടിസ്ഥാന ക്രിസ്തീയ ചിന്തയാണ് ഇവിടെ നാം കാണുക. പരിശുദ്ധനായ പൗലോസ് ശ്ലീഹാ "വിശ്വാസത്താലുള്ള നീതീകരണം" എന്ന ആശയത്തെ ശക്തമായി അടിവരയിടുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് ഒരുവന് ലഭിക്കുന്ന കൃപയുടെയും വീണ്ടെടുപ്പിന്റെയും ആധാരം എന്നാണ് അതിൻറെ അർത്ഥം (റോമർ 3:28–30).

ഈ വേദഭാഗത്ത് കർത്താവിന്റെ വാക്കുകൾ തീർത്തും പരുക്കനാണ് എന്ന് നമുക്ക് നമുക്ക് തോന്നാം. എന്നാൽ യേശുക്രിസ്തു എത്രമാത്രം അവളോട് പരുക്കനായി സംസാരിക്കുന്നുവോ അത്രമാത്രം തന്റെ മകൾക്ക് ക്രിസ്തുവിലൂടെ സൗഖ്യം ആഗ്രഹിക്കുന്ന പുറം ജാതിക്കാരിയായ അമ്മയുടെ ഹൃദയത്തെയാണ് സുവിശേഷകൻ പ്രകടമാക്കുന്നത്. തങ്ങളുടെ വിമോചകൻ ക്രിസ്തു മാത്രമാണ് എന്നുള്ള അചഞ്ചലമായ വിശ്വാസമാണ് മറ്റെല്ലാ സാഹചര്യങ്ങൾക്കും മീതെ മകളുടെ സൗഖ്യത്തിലേക്ക് നയിക്കുന്നത്. "നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു: ഇവിടെ നിന്നു അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും" (മത്തായി 17: 21) എന്ന് കർത്താവ് പറയുന്നുണ്ട്. ഈ നോമ്പുകാലത്ത് നമ്മുടെ വിശ്വാസത്തെ ഉരച്ചു നോക്കുവാനും വിശ്വാസജീവിതത്തിൽ ക്നാനായ സ്ത്രീയെ മാതൃകയാക്കുവാനും ഈ വേദഭാഗം നമ്മോട് ആവശ്യപ്പെടുന്നു.

ഉത്തമ ക്രിസ്തീയ രക്ഷാകർതൃത്വത്തിന്റെ മാതൃക

മകൾക്ക് വേണ്ടി കർത്താവിനോട് നിരന്തരം യാചന നടത്തുന്ന വിജാതീയയായ ഒരു അമ്മയെയാണ് ഈ വേദഭാഗം അവതരിപ്പിക്കുന്നത് എന്നാൽ ഈ അമ്മയുടെ ജീവിതത്തെ പഠിക്കുമ്പോൾ അവൾ ഒരു ഉത്തമ രക്ഷാകർതൃ



മാതൃകയാണ് എന്ന് നിസംശയം പറയുവാൻ നമുക്ക് സാധിക്കും.

ഒരു ക്രിസ്തീയ കുടുംബത്തിൽ രക്ഷകർത്താക്കൾക്കുണ്ടാകേണ്ട ഏറെ സവിശേഷതകൾ ഈ സ്ത്രീയിൽ നമുക്ക് ദർശിക്കുവാൻ കഴിയും.


1. നിരന്തരമായ പ്രാർത്ഥന. മടുത്തു പോകാതെയുള്ള പ്രാർത്ഥനയുടെ മകുടോദാഹരണമാണ് ക്നാനായക്കാരി സ്ത്രീ. ക്രിസ്തീയ ജീവിതത്തിൽ ഒരു തുടർ പ്രക്രിയയാണ് (Prayer is a continuous process) പ്രാർത്ഥന എന്ന് ഓരോ മാതാപിതാക്കളോടും ഈ സ്ത്രീ പറഞ്ഞു തരുന്നുണ്ട്. ഉത്തരം ലഭിക്കാതെ വരുമ്പോൾ പോലും പ്രാർത്ഥനയിൽ അലംഭാവം കാണാതെ കാട്ടാതെ സ്ഥിരതയുള്ള ആത്മീയ അനുഭവത്തിൽ കുടുംബങ്ങളെ നിലനിർത്തുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്

2. ദൈവപദ്ധതിയിൽ ഉള്ള പ്രത്യാശ. മാനുഷികമായ ആഗ്രഹങ്ങൾക്കും സമയബന്ധിതമായ തീരുമാനങ്ങൾക്കും അപ്പുറത്ത് ദൈവത്തിന് പ്രവർത്തിക്കുവാനായി ഒരു സമയമുണ്ട് എന്ന ബോധ്യം തലമുറകളിലേക്ക് പകരുവാൻ മാതാപിതാക്കൾക്കാവണം. ഇൻസ്റ്റന്റ് സംസ്കാരമുള്ള ആധുനിക ലോകത്ത് പ്രത്യാശയോടെ കാത്തിരിക്കുക എന്ന് പറയുന്നത് തീർത്തും ക്രിസ്തീയമായ സ്വഭാവങ്ങളിൽ ഒന്നു തന്നെയാണ്. ക്നാനായകാരി സ്ത്രീയെ പോലെ ദൈവാശ്രയത്തിൽ ഈ കാത്തിരിപ്പ് നടത്തുവാൻ നമുക്കുമാകണം

3. മക്കൾക്ക് വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാട് ഒരു രക്ഷകർത്താവിന്റെ പ്രാഥമിക ഉത്തരവാദിത്വം മക്കളെ ഭംഗിയായി വളർത്തിയെടുക്കുക എന്നുള്ളതാണ്. ഈ സ്ത്രീയുടെ പ്രവൃത്തികൾ ചില കടുംപിടുത്തങ്ങളുടേത് ആണ് എന്ന് ചിലപ്പോൾ നമുക്ക് തോന്നാം . നീ എന്നെ അനുഗ്രഹിച്ചാൽ അല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് പറഞ്ഞ യാക്കോബിനെ പോലെ തന്റെ മകൾക്ക് സൗഖ്യം വേണമെന്ന നിർബന്ധ ബുദ്ധിയോടെയാണ് അവൾ കർത്താവിനെ സമീപിക്കുന്നത് യഥാർത്ഥത്തിൽ അവളുടെ നിലപാടുകളുടെ കാർക്കശ്യമാണ് ഇവിടെ നാം കാണുന്നത്. മാതാപിതാക്കളുടെ നിലപാടുകൾക്കു ബലം നഷ്ടപ്പെടുമ്പോഴാണ് മക്കളുടെ ജീവിതവും പലപ്പോഴും കുത്തഴിഞ്ഞു പോകുന്നത്. പന്ത്രണ്ട് വയസ്സുകാരനായ യേശുവിനെ അന്വേഷിച്ച് കണ്ടെത്തി തന്നോടൊപ്പം ചേർക്കുന്ന മറിയാം എന്ന അമ്മയെപ്പോലെ തൻറെ മകളും പൂർണതയിൽ വളരണമെന്ന് നിർബന്ധ ബുദ്ധി ഈ അമ്മയിലും നാം കാണുന്നുണ്ട്. മക്കളുടെ പൂർണ്ണത നഷ്ടമാക്കുന്ന എല്ലാറ്റിനോടും ശക്തമായ നിലപാടുകൾ എടുക്കുവാൻ നമുക്കും ഇടയാകട്ടെ. ❑

"Woman, Great is Your Faith"

Sermon for the 4th Sunday of the Great Lent (Canaanite Woman Sunday)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The Great Lent is progressing towards its center. The scriptural passage arranged by the Church Fathers for meditation on this fourth Sunday of the Holy Lent is from the Gospel according to St. Matthew, 15:21–31. Here, a Gentile woman is presented as a yardstick for the intensity of faith. This passage describes the arrival of a Canaanite woman before Lord Jesus to heal her daughter from demon possession and the subsequent conversation between Jesus and her. In reality, this Canaanite woman stands as a sign-post before us on many levels.

Firm Faith Leads to Great Things

The Lord saw that her faith was exceedingly great. The steadfastness of faith found in this Canaanite woman was something that perhaps could not even be found among the children of Israel.

She was someone who had been deeply humiliated. Separated from those considered the "People of God," she was an outcast. As the mother of a young girl suffering from a mental affliction described as demon possession, she was isolated from society. We can understand the mental agony she must have endured, a mother whose heart was broken by her daughter's illness. It was in this state of total surrender that she ran to Jesus.



Regardless of the distance, she pushed through the crowds to reach Christ's presence. Her only prayer was, "Heal my daughter." Her only refuge was "Lord Jesus."

However, the Lord initially illustrated her situation using a harsh comparison: "It is not right to take the children's bread and toss it to the dogs." Yet, look at the composure with which she replied: "Even the dogs eat the crumbs that fall from their master's table." No amount of insult could extinguish the fire of her faith.

This intensity of faith is what we lack today. It is the same faith Abraham had, believing God could give him a son even in his old age. It is the faith of the Three Holy Youths, believing God's love would be present even in the midst of a burning furnace. It is the faith of Daniel, whose devotion to God was stronger than the ferocity of a den of lions.

This Canaanite woman realized that no one in this world except the Creator could care for His creation. She firmly believed that "Christ is the great joy and salvation of all people." This deep conviction is what made her so fervent.

Just as this Gentile woman became a model of faith for the people of Israel, we live in a time where other communities raise a question mark before us as followers of Christ: "Is this what Christianity is?" Many often point fingers at us. This question often arises as a reflection of our own actions. In this majority-driven society, may we be able to possess a firm faith rooted in the love of God.

The Power of Intercessory Prayer, the Gentile Woman as a Great Intercessor

That woman is performing a great intercessory petition. That intercession is for her daughter, who is her life. In our Lord's path of incarnation, we can see many who attained healing through the prayers and actions of others. The Centurion who interceded for his servant and those who carried the paralytic and petitioned for their friend are examples. The incident of water [turning into] wine at the wedding in Cana, which was the first miracle performed by our Lord during his incarnation, happened through the intercession of the Mother of God. This Canaanite woman also comes in that lineage of intercessors.

In the list of diseases, mental illnesses are often things we cover up. More than the severity of the disease, the intensity of the isolation and humiliation that the patient must experience from society is greater. Here, the affliction was for her daughter. It was something that could deeply affect her future life. This is what caused the maternal heart to be deeply wounded.

On some occasions, when the Lord saw patients, He healed them even without them asking- the healing of the hunched woman. When a sick patients petition before the Divine presence, He takes pity on them and heals them- healing the leper. Another method of healing the Lord adopted was giving healing through the participation of the patient. For example, the healing of the man born blind. However, different from all these healing methods is the healing seen through the intercession of others.

Here, the daughter knows nothing. But the prayer of that mother, filled with maternal affection and based on such firm faith, is transformed into healing. Often, our prayers with tears provide healing for many. It is capable of healing not just the diseases of the body, but also the "consciousness of sin." When many teardrops join as a river and reach before the Divine presence, it changes in such a way that the Lord cannot reject it.

Likewise, in which we ask one another to pray is why we take refuge in the intercession of the Saints. Mutual intercession (with the Saints) is one of the foundational beliefs of the Eastern Orthodox faith.

❑

മറുപുറം

വാതിലുകൾ ഇല്ലാത്ത മുറി

ഫാ. അജീഷ് ബാബു

കെ. ഷെരീഫിന്റെ അനുഭവക്കുറിപ്പായ 'ഉടഞ്ഞ കുപ്പിയിൽനിന്നും അലഞ്ഞ മഷി' എന്ന പുസ്തകത്തിൽ തന്റെ ഉപ്പയുടെ മുറി പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്.

ഉപ്പയുടെ മുറിക്ക് വാതിലില്ല. കട്ടിൽപ്പടി മാത്രം. ജാലകങ്ങളുമില്ല. പകരം ഏറിയാൽ രണ്ടിഞ്ച് വ്യാസമുള്ള ഒരു പൈപ്പ് മാളം മാത്രം. ഉപ്പ വീട്ടിലില്ലാത്ത പകലുകളിൽ ആ മുറി ഞങ്ങളൊരു സിനിമാമുറിയാക്കി! ഒരു ലെൻസ് മാള ത്തിന് ചേർത്ത് വെച്ചാണ് സിനിമ പ്രൊജക്ട് ചെയ്യുന്നത്. ലെൻസ് അകത്തെ മാളത്തിന് ചേർത്ത് പിടിച്ചാൽ പുറത്തെ പറമ്പിലെ കാഴ്ചകൾ മുറിച്ചുവരിൽ തല കുത്തനെ പ്രതിഫലിക്കും. പറമ്പിൽവെയി ലിൽ നടക്കുന്ന കോഴികൾ, തൂങ്ങിയാടുന്ന മഞ്ഞ വാഴയിലകൾ എല്ലാം ചുമരിൽ തലകുത്തിയാടി ഒരു ലൈവ് സിനിമയായി. വീട്ടിലെയും അയൽപക്കത്തെയും കുട്ടികൾ കാണി കളായി.

അടഞ്ഞ മുറികളുടെ മൗനത്തിൽ ദൈവത്തിന്റെ ശ്വാസം മങ്ങിപ്പോകുന്നതു പോലെ, ഭൗതിക നിർമാണമാത്രമല്ല ഒരു അവസ്ഥയാണ് ഒരു അടച്ചുപൂട്ടൽ. ഒരു കാത്തിരിപ്പ്. ഒരു ശ്വാസം തടഞ്ഞു നിൽക്കുന്ന നിശ്ശബ്ദത. വാതിലുകൾ ഇല്ലാത്ത മുറിയിൽ പ്രവേശനം എളുപ്പമാകാം; പുറത്തേക്കുള്ള വഴിയാണ് കാണാനാകാത്തത്. അവിടെ ജനലുകൾ ഉണ്ടായേക്കാം, അവ തുറക്കാൻ കൈകൾ വിറയ്ക്കും. കാറ്റ് അകത്തേക്ക് കടക്കില്ല; പക്ഷേ ഓർമ്മകൾ മതി ലുകൾ കടന്ന് വരും. ഈ മുറി ചിലപ്പോൾ നമ്മുടെ ഉള്ളിലാണ്. അവിടെ ഭയങ്ങൾ തങ്ങി നിൽക്കും, പറയാതിരുന്ന വാക്കുകൾ കോണുകളിൽ കൂമ്പാരമാകും,

അനുഭവങ്ങളുടെ നിഴൽ മേൽക്കൂരയിൽ പതിയും. വാതിലുകൾ ഇല്ലാത്ത മുറിയിൽ സ്വയം നേരിടൽ അനിവാര്യമാണ്. ഒഴിവുകൾ ഇല്ലാത്തതിനാൽ അവിടെ നിന്ന് രക്ഷപ്പെടാനാവില്ല; അതുകൊണ്ടുതന്നെ അവിടെ നിന്നാണ് മോചനം തുടങ്ങുന്നത്. മനുഷ്യന്റെ ഹൃദയം ചിലപ്പോൾ ഇത്തരമൊരു മുറിയാണ്. ക്ഷമ യില്ലാതെ, തുറന്നുപറച്ചിലില്ലാതെ, പ്രകാശം പ്രവേശിക്കാത്ത ഇടം. പക്ഷേ ഒരിക്കൽ അകത്തു നിന്നുതന്നെ ഒരു ചെറു വിളക്ക് തെളിയുമ്പോൾ മതിലുകൾ വാതിലുകളായി മാറുന്നു. വാതിലുകൾ ഇല്ലാത്ത മുറി ഒരവസാനം അല്ല;

അത് ഒരു ചോദ്യം. "നീ പുറത്തേക്കു പോകാൻ ആഗ്രഹി ക്കുന്നുവോ?"

ആഗ്രഹം തന്നെയാണ് ആദ്യ വാതിൽ.

അടച്ചിടലിൽ നിന്നും മോചനത്തിലേക്കുള്ള വഴിയാണ് വാതിലുകൾ ഇല്ലാത്ത മുറി, മനുഷ്യജീവിതത്തിന്റെ ഒരു ആന്തരിക ഉപമ. കണ്ണുകൊണ്ട് കാണാനാവാത്ത, പക്ഷേ ആത്മാവുകൊണ്ട് അനുഭവിക്കേണ്ട ഒരു സ്ഥിതി. അത് വെറും മതിലുകൾ ചുറ്റിയൊരു ഇടമല്ല; അത് ഒരു അടച്ചുപൂട്ടപ്പെട്ട അന്തർ ലോകം. മനുഷ്യൻ പലപ്പോഴും തന്റെ തന്നെ ഉള്ളിൽ ഇത്തരമൊരു മുറി പണി യുന്നു. അവിടെ ഭയങ്ങൾ താമസിക്കുന്നു; അവിടെ അപമാനങ്ങൾ ശബ്ദമി ല്ലാതെ ചുറ്റിനടക്കുന്നു; അവിടെ പാപബോധം മതിലുകളായി ഉയരുന്നു. ദൈവ ത്തിന്റെ ശബ്ദം കേൾക്കാതിരിക്കാനായി സ്വയം സൃഷ്ടിച്ച ഒരു അടച്ചിടൽ. പഴയ നിയമത്തിൽ ആദാമിന്റെയും ഹവ്വയുടെയും അനുഭവം ഇത്തരമൊരു മുറിയുടെ ആദിമരൂപമാണ്.

പാപത്തിനു ശേഷം അവർ ഒളിച്ചുനിന്നു. അവർ ദൈവത്തോടുള്ള ബന്ധം നഷ്ടപ്പെട്ടപ്പോൾ ഏദൻ തോട്ടം തന്നെ വാതിലുകളില്ലാത്ത മുറിയായി മാറി. ഒളിച്ചിരിക്കുക എന്നത് സ്വാതന്ത്ര്യം നഷ്ടപ്പെടലാണ്. മനുഷ്യൻ പാപത്തിൽ വീഴുമ്പോൾ അവൻ ദൈവത്തിൽ നിന്ന് അകന്നുപോകുന്നതു മാത്രമല്ല; സ്വന്തം ഉള്ളിൽ തന്നെ അടഞ്ഞുപോകുന്നു എന്നതാണ്. പാപം ഒരു പ്രവൃത്തിയല്ല; അത് ഒരു അടച്ചുപൂട്ടൽ. ദൈവത്തിന്റെ പ്രകാശം കടക്കാതിരിക്കാനായി ഹൃദയം മതിലുകൾ കെട്ടിപ്പടുക്കുന്ന അവസ്ഥ.

ഇത്തരമൊരു അടച്ചിടലിന്റെ മദ്ധ്യേ സുവിശേഷം പറയുന്ന ഒരു ദൃശ്യമാണ്, ശിഷ്യന്മാർ ഭയത്താൽ വാതിലടച്ചു ഇരിക്കുമ്പോൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവരുടെ മദ്ധ്യേ പ്രത്യക്ഷനായി. അവിടെയുള്ള വാതിലുകൾ അടഞ്ഞിരുന്നു; പക്ഷേ അവനെ തടയാനായില്ല.

ദൈവത്തിന് മനുഷ്യൻ പണിയുന്ന മതിലുകൾ തടസ്സമല്ല. അടഞ്ഞ ഹൃദയ ങ്ങളിലേക്കു പോലും കൃപ പ്രവേശിക്കുന്നു. വാതിലുകൾ ഇല്ലാത്ത മുറി അനുഭ വങ്ങളുടെ തടവറയായിരിക്കാം.

ദുഃഖം, കുറ്റബോധം, തകർച്ച, നഷ്ടം ഇവയെല്ലാം ചേർന്ന് ഒരു ആത്മീയ ഏകാന്തത സൃഷ്ടിക്കും. പ്രാർത്ഥന പോലും വാക്കുകൾ കണ്ടെത്താനാകാതെ മിണ്ടാതിരിക്കും. എന്നാൽ ദൈവത്തിന്റെ സാന്നിധ്യം ശബ്ദമില്ലാതെ പ്രവേശി ക്കുന്ന ഒരു കാറ്റുപോലെയാണ്. പഴയനിയമത്തിലെ പ്രവാചകനായ യെഹെ



സ്കേൽ ഉണങ്ങിയ അസ്ഥികളുടെ താഴ്വരയിൽ ജീവന്റെ ശ്വാസം പ്രവചിച്ചു. മരണത്തിന്റെ അടച്ചിടലും ദൈവത്തിന്റെ ആത്മാവിനെ തടയാനായില്ല. അവിടെയുണ്ടായിരുന്നത് വാതിലുകളില്ലാത്ത മരണം; എന്നാൽ ആത്മാവ് അതിൽ ജീവൻ തുറന്നു. വാതിലുകൾ ഇല്ലാത്ത മുറി ചിലപ്പോൾ സഭയുടെ അവസ്ഥയുമാകാം. ആചാരങ്ങൾ നിലനിൽക്കുമ്പോഴും ആത്മാവിന്റെ ചലനം ഇല്ലാതാകുമ്പോൾ വിശ്വാസം മതിലുകളാൽ ചുറ്റപ്പെട്ട ഒരു ശൂന്യവാസമാകും. അവിടെ കൃപയുടെ ശ്വാസം നിൽക്കും. ക്രിസ്തുവിന്റെ അവതാരവും ക്രൂശും അടച്ചിടലുകൾ തകർക്കാനായിരുന്നു.

ക്രൂശിൽ മനുഷ്യന്റെ എല്ലാ അടച്ച മുറികളുടെയും മധ്യത്തിൽ നിൽക്കുക യായിരുന്നു, ക്രിസ്തു. മരണത്തിന്റെ ഇരുണ്ട മുറിയിലേക്ക് കടന്നിറങ്ങി അവിടെ നിന്നുതന്നെ ജീവന്റെ വാതിൽ തുറന്നു. അതുകൊണ്ട് മോചനം പുറത്തുനിന്ന് അടിച്ചുകയറുന്നതല്ല; അത് ഉള്ളിൽ നിന്ന് ഉദിക്കുന്നത്. കൃപ സ്വീകരിക്കുമ്പോൾ മതിലുകൾ വാതിലുകളാകുന്നു. ക്ഷമ സമ്മതിക്കുമ്പോൾ അടച്ചിടൽ തുറവാ കുന്നു. വാതിലുകൾ ഇല്ലാത്ത മുറി മനുഷ്യന്റെ പരിമിതിയുടെ ചിഹ്നമാകാം;

പക്ഷേ അതിനെ തുറക്കുന്നവൻ അപരിമിതനായ ദൈവമാണ്. സ്വന്തം ഹൃദയത്തിലെ അടച്ച മുറിയിലേക്ക് ധൈര്യത്തോടെ നോക്കണം. കാത്തിരിക്കു ന്നത് വിമർശനം ചെയ്യുന്ന ദൈവമല്ല;വാതിൽ തന്നെയാകുന്ന ക്രിസ്തുവാണ്.

മതിലുകൾ എത്ര ഉയർന്നാലും കൃപയുടെ പ്രകാശം ചെറു വിള്ളലിലൂടെ പോലും അകത്തേക്കു കടക്കും. വാതിലുകൾ ഇല്ലാത്ത മുറി അവസാനമല്ല; അത് ഒരു ദൈവിക സന്ദർശനത്തിനായുള്ള പ്രതീക്ഷയുടെ ഇടം. ദൈവത്തിന്റെ പ്രവർത്തി പുറത്ത് നിന്നുള്ള തകർച്ചയല്ല; അത് ഉള്ളിൽ നിന്നുള്ള പുതുക്കൽ.

ദൈവം വാതിലുകളാക്കുമ്പോൾ ഒരിക്കലും അടയുന്നില്ല, ആരുടെ മുന്നിലും.

❑



വൈദിക ശുശ്രൂഷ ദൈവിക നിയോഗം: പരിശുദ്ധ കാതോലിക്ക ബാവ

കോട്ടയം: ക്രിസ്തുവിനു വേണ്ടി കഷ്ടത അനുഭവിക്കുവാനും സഭയ്ക്കായി ജീവിക്കാനുമുള്ള ദൈവിക നിയോഗമാണ് വൈദിക ശുശ്രൂഷയിൽ ലഭ്യമാകുന്നതെന്ന് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ യാത്ര അയപ്പു സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സ്വയാവബോധവും സമൂഹത്തെപ്പറ്റിയുള്ള പരിജ്ഞാനവും പുതുതലമുറയ്ക്ക് നഷ്ടപ്പെടുന്നു. ഇത് വിവിധങ്ങളായ സംഘർഘങ്ങൾക്കു വേദിയാകുന്നു. സമൂഹത്തെ വ്യക്തമായി തിരിച്ചറിയുവാനും സ്വന്തം ചിന്താ പ്രക്രിയകളെക്കുറിച്ചുള്ള അവബോധവും ധാരണയും ഉണ്ടാകുമ്പോൾ സംഘർഷങ്ങളും പ്രതിസന്ധികളും ലഘൂകരിക്കുവാൻ കഴിയും. വൈദിക ശുശ്രൂഷയിൽ ക്രിയാത്മകമായ സ്വയം വിലയിരുത്തലുകൾ അനിവാര്യമാണെന്ന് പരിശുദ്ധ കാതോലിക്കാ ബാവ പറഞ്ഞു.

സെമിനാരി വൈസ് പ്രസിഡൻറ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത, ഡോ. ഗീവർഗീസ് മാർ ബർണ്ണബാസ് മെത്രാപ്പോലീത്ത, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, ഫാ. ഡോ. ജേക്കബ് മാത്യു, ഫാ. ഡോ. ഷാജി പി. ജോൺ, ഫാ. ഡോ. വർഗീസ് പി. വർഗീസ്, ജോൺസ് ഏബ് ആൻഡ്രൂസ്, ഫാ. ഇയ്യോബ് ഒ.ഐ.സി, റവ. ജയദാസ് മിത്രൻ എന്നിവർ പ്രസംഗിച്ചു.

പ്രത്യാശ പാസ്റ്ററൽ കൗൺസലിംഗ്, ശ്രുതി ലിറ്റർജിക്കൽ മ്യൂസിക് എന്നിവയിൽ വിവിധ കോഴ്സുകൾ വിജയിച്ചവർക്ക് പരിശുദ്ധ ബാവാ സർട്ടിഫിക്കറ്റുകൾ നൽകി. 2025-ലെ സെമിനാരി ബെസ്റ്റ് പ്രീച്ചറായ അഡോൺ സി. മാത്യു (നിരണം), 2026-ലെ ബെസ്റ്റ് പ്രീച്ചറായ ഗ്രിഗറി കെ. ജോൺസ് (തുമ്പമൺ) എന്നിവർക്ക് പരിശുദ്ധ ബാവ ക്യാഷ് അവാർഡുകൾ നൽകി.

ഡോ. പി. സി. അലക്സാണ്ടർ സ്മാരക എൻഡോവ്മെൻറ് പ്രസംഗ മത്സരത്തിൽ ഒന്നും രണ്ടും മൂന്നു കരസ്ഥമാക്കിയ ജോൺസ് ഏബ് ആൻഡ്രൂസ്, ഷിജോ ഈശോ, റ്റോണി ടൈറ്റസ് എന്നിവർക്കും ക്യാഷ് അവാർഡുകൾ പരിശുദ്ധ ബാവാ നൽകി.

രാവിലെ 11-നു നടന്ന രക്ഷാകർത്തൃ കൗൺസലിംഗ് സമ്മേളനത്തിൽ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ് മുഖ്യപ്രഭാഷണം നടത്തി.



പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അലുമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ കോളജിലെ ഒരു വിദ്യാർത്ഥിയ്ക്ക് പുതുതായി നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ താക്കോൽ കൈമാറ്റവും അലുമ്നി പ്രസിഡന്റും കോളജ് പ്രിൻസിപ്പമാളുമായ പ്രൊഫ. ഡോ. സിന്ധു ജോൺസിനും കൂടെ വിരമിക്കുന്ന സഹപ്രവർത്തകർക്കും യാത്രയയപ്പ് സമ്മേളനവും നടന്നു. കുറിയാക്കോസ് മാർ ക്ലിമീസ് ഉദ്ഘാടനം ചെയ്തു. അലുമ്നി അസോസിയേഷൻ പൂർത്തിയാക്കിയ ഭവനത്തിന്റെ താക്കോൽ ദാനം ഡോ. എബ്രഹാം മാർ സെറാഫിം നിർവ്വഹിച്ചു. നഗരസഭ അദ്ധ്യക്ഷ സിന്ധു അനിൽ ആശംസകൾ അറിയിച്ചു. തുടർന്ന് ഈ വർഷം കോളജിൽ നിന്നും വിരമിക്കുന്ന പ്രിൻസിപ്പാൾ ഡോ. സിന്ധു ജോൺസിനേയും, ഗണിത ശാസ്ത്ര വിഭാഗം മേധാവി ഡോ. സുഷ ഡി, കോളജ് സീനിയർ സൂപ്രണ്ട് ബിജി കുഞ്ചാക്കോ, ഹെർബേറിയം കീപ്പർ ഡാനിയേൽ പ്രസാദ് എന്നിവർക്ക് യാത്രയയപ്പ് നൽകി.



പരിശുദ്ധ സഭയിലെ സുറിയാനി എക്കാറ ഗീതങ്ങളുടെ പൂർണ്ണ രൂപം നീണ്ട അഞ്ചു വർഷത്തെ അധ്വാനത്തിന്റെ ഫലമായി റെക്കോർഡ് ചെയ്തു മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കായി ഡോ. എം പി ജോർജ് കോർ എപ്പിസ്കോപ്പാ സമർപ്പിച്ചു. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ 92-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കോട്ടയം പഴയസെമിനാരിയിൽ നടന്ന ചടങ്ങിൽ ഡോ. എം പി ജോർജ് കോർ എപ്പിസ്കോപ്പായെ പ. കാതോലിക്കാ ബാവാ ആദരിച്ചു.



മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് (SDOF) സംഘടിപ്പിച്ച സഭാ ഭാസുരൻ പരിശുദ്ധ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ഓർമപ്പെരുന്നാളും അനുസ്മരണവും കത്തീഡ്രൽ യൂണിറ്റും കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കൂബ് മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് അധ്യക്ഷത വഹിച്ചു.



മുളന്തുരുത്തി പബ്ലിക് ലൈബ്രറി ഏർപ്പെടുത്തിയ പരുമല തിരുമേനി സ്മാരക പുരസ്കാരം എഴുത്തുകാരൻ ബെന്യാമിന് അനൂപ് ജേക്കബ് എംഎൽഎ കൈമാറുന്നു. കെ. കെ. സണ്ണി, ബിനി ഷാജി, സജി മുളന്തുരുത്തി, ജയാ സോമൻ, ഷാജി ജോർജ്, ഡോ. പോൾ മണലിൽ, ലിജോ ജോർജ്, എ. കെ. ദാസ് തുടങ്ങിയവർ സമീപം.

കാതോലിക്കാ സിംഹാസനം

54. നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി



പരിശുദ്ധ കാതോലിക്കാ ബാവായ്ക്കൊപ്പം കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിലെ അവസാന വർഷ വിദ്യാർത്ഥികളും അദ്ധ്യാപകരും.

യാത്ര അയപ്പ് നൽകി

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ ചീഫ് ലൈബ്രേറിയനും ദിവ്യബോധനം രജിസ്ട്രാറുമായ ഫാ. ഡോ. മാത്യൂസ് ജോൺ മനയിൽ, ഇംഗ്ലീഷ് അദ്ധ്യാപകനായ പ്രൊഫ. കെ. സി. ജോർജ്ജ്, ഓഫീസ് മാനേജരായ ജോൺ പി. അലക്സാണ്ടർ എന്നിവർക്ക് സെമിനാരി കുടുംബം യാത്ര അയപ്പു നൽകി.

സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അധ്യക്ഷത വഹിച്ചു. സെമിനാരി വൈസ് പ്രസിഡൻറ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, ഫാ. ഡോ. ജോജി സി. ജോർജ്ജ്, ഫാ. ഡോ. വർഗീസ് പി. വർഗീസ് അസിസ്റ്റൻറ് ലൈബ്രേറിയൻ ഫാ. സിജു വർഗീസ് കോശി, ഡീക്കൻ ക്രിസ്റ്റോ കുര്യൻ എം. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

ഡോ. എം. പി. ജോർജ്ജ് കോർ എപ്പിസ്ക്കോപ്പാ, മുൻ പ്രിൻസിപ്പലന്മാരായ ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. റജി മാത്യു, മുൻ ലൈബ്രേറിയൻ ഫാ. സി. സി. ചെറിയാൻ, മുൻ വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

സെമിനാരിയുടെ ഉപഹാരം വൈസ് പ്രസിഡന്റ് ഡോ മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നൽകി.





തൃശൂർ മെത്രാസനത്തിലെ വൈദീകരുടെ ദ്വിദിന ധ്യാന യോഗത്തിൽ സംബന്ധിച്ച വൈദികർ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായോടും ധ്യാനം നയിച്ച ഫാ. വറുഗീസ് മാത്യുവിനോടും (അട്ടപ്പാടി ആശ്രമം) ഒപ്പം.



പരിശുദ്ധ കാതോലിക്കാ ബാവാ സുൽത്താൻ ബത്തേരി ഭദ്രാസനത്തിലേക്ക് അനുവദിച്ചതായ വിദ്യാഭ്യാസ സ്പെഷ്യൽ സ്കോളർഷിപ്പ് ഭദ്രാസനാസ്ഥാനമായ സുൽത്താൻ ബത്തേരി നിർമ്മലഗിരി അരമനയിൽ ചേർന്ന യോഗത്തിൽ വെച്ച് ഡോ. ഗീവർഗീസ് മാർ ബർന്നബാസ് വിതരണം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. ബേബി ജോൺ ആധ്യക്ഷം വഹിച്ച യോഗത്തിൽ ഭദ്രാസനത്തിലെ വൈദികർ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരും സംബന്ധിച്ചു.



സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് (SDOF) കേന്ദ്ര കമ്മിറ്റിയിലേക്കു കോട്ടയം ഭദ്രാസനത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവർ.



പുതുകാലത്തെ പുതുചുവടുമായി ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം; എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് ആൻഡ് സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ പ്രോജക്റ്റിന് തുടക്കം

കോട്ടയം: തൊഴിൽ ലഭ്യത കുറഞ്ഞു വരികയും സംരംഭകത്വ സാധ്യതകൾ വർധിച്ചു വരികയും ചെയ്യുന്ന പുതുകാലത്തിന്റെ പുതുചുവടുവെയ്പ്പായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ Entrepreneurship Development & Startup Incubation Project പ്രഖ്യാപിച്ചു.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാൻ സഹായിക്കുന്നതിലൂടെ യുവജനങ്ങളും അവരുടെ കുടുംബങ്ങളും നേരിടുന്ന പ്രധാനവെല്ലുവിളിക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ലക്ഷ്യം വെയ്ക്കുന്നതെന്ന് യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പറഞ്ഞു.

നല്ല ആശയങ്ങൾ ഉള്ളത് കൊണ്ട് മാത്രം സംരംഭങ്ങൾ വളരില്ല. അതിന് ജീവൻ പകരാൻ പിന്തുണയും, പ്രോത്സാഹനവും, മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമാണ്. അത് നൽകുന്നതിന് യുവജനപ്രസ്ഥാനം ഒപ്പമുണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

ഈ ആശയം യുവജനപ്രസ്ഥാനത്തിന് മുൻപിൽ സമർപ്പിച്ച നമ്മുടെ കേന്ദ്ര അസംബ്ലി അംഗം അബി ഏബ്രഹാം കോശിക്കാണ് (മാവേലിക്കര ഭദ്രാസനം) പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകിയിരിക്കുന്നത്. കേന്ദ്ര ഭാരവാഹികളോടും കേന്ദ്ര സമിതിയോടും ഒപ്പം ചേർന്ന് നമ്മുടെ കേന്ദ്ര സമിതി അംഗം ജോജി ജേക്കബ് (തിരുവനന്തപുരം ഭദ്രാസനം) പദ്ധതി ഏകോപിപ്പിക്കും.

പദ്ധതിക്കായി Innovation Labs എന്നതിന് ഒപ്പം ചേർക്കുന്നതിന് ഒരു നല്ല പേര് നിർദ്ദേശിക്കുന്നതിന് എല്ലാവർക്കും അവസരം ഉണ്ടാവും (ഉദാഹരണം - "Name" Innovation Labs). പദ്ധതിയുടെ ഗൗരവവും കാലിക പ്രസക്തിയും അനിവാര്യതയും മനസിലാക്കി നല്ല ആശയങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നതായി കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി മാത്യു, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ട്രഷറർ രഞ്ജു എം ജോയ് എന്നിവർ പറഞ്ഞു.



സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് (SDOF) മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 92-ാം ഓർമ്മദിനത്തോടനുബന്ധിച്ച് കോട്ടയം പഴയ സെമിനാരിയിൽ സംഘടിപ്പിച്ച സ്മൃതി സംഗമം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ ഉദ്ഘാടനം ചെയ്തു.



വീടെന്നത് അടിസ്ഥാനപരമായ ആവശ്യം: പരിശുദ്ധ കാതോലിക്കാ ബാവാ

110 പേർക്ക് ഭവന നിർമ്മാണ സഹായം നൽകി മലങ്കരസഭ

കോട്ടയം: സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട 110 കുടുംബങ്ങൾക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭവന നിർമ്മാണ സഹായം വിതരണം ചെയ്തു. മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 92-ാം ഓർമ്മദിനത്തോടനുബന്ധിച്ച് കോട്ടയം പഴയസെമിനാരിയിൽ സംഘടിപ്പിച്ച ചടങ്ങ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ ഉദ്ഘാടനം ചെയ്തു. സ്വന്തമായി ഒരു ഭവനം എന്നത് മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യമാണെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. 1970-കളിൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തുടക്കം കുറിച്ച ഭവന നിർമ്മാണ സഹായ പദ്ധതിയിലൂടെ കഴിഞ്ഞ വർഷം മാത്രം 102 കുടുംബങ്ങൾക്ക് സഹായം നൽകി. ഇക്കുറി അരക്കോടി രൂപയാണ് സഹായ പദ്ധതിയിലൂടെ വിതരണം ചെയ്തത്. ഭവനനിർമ്മാണ സഹായ സമിതി പ്രസിഡന്റ് ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, സമിതി കൺവീനർ ജിജു പി വർ?ഗീസ്, ഫാ.ജേക്കബ് ഫിലിപ്പ്, എൻ.എ അനിൽമോൻ, കോശി ഉമ്മൻ, ജേക്കബ് കൊച്ചേരി, ഷാലു ജോൺ, സിബി ജോൺ, സാമുവൽ ജേക്കബ്, ഉമ്മൻ തോമസ് എന്നിവർ പ്രസംഗിച്ചു.



ന്യൂസിലൻഡിലെ ഓക്ക്‌ലൻഡിലുള്ള സെന്റ് ഡയനീഷ്യസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ മാർ ദീവന്നാസ്യോസിന്റെ ഓർമ്മപെരുന്നാൾ 2026 ഫെബ്രുവരി 28, മാർച്ച് 1 തീയതികളിൽ നടന്നു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മുഖ്യകാർമികത്വം വഹിച്ചു.